15
2025
ഫെബ്രുവരി
ശനി
കുംഭം 3

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.76 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-76 പേജ് 4. വില 2.00 രൂപ




02 മരണത്തിലും മാതൃകാ അധ്യാപകൻ
03 കർഷകർക്കായി സിഎംഎഫ്ആർഐ ഉൽപാദിപ്പിച്ചത് ഒരു ലക്ഷത്തോളം ഓയിസ്റ്റർ വിത്തുകൾ
04 കേരള ഇക്കണോമിക് കോൺഫറൻസ് 2025ന് തുടക്കമായി

## ട്രംപുമായി കൂടിക്കാഴ്ച

# ഇന്ത്യയുമായി സൈനികവ്യാപാരം വർധിപ്പിക്കും; തഹാവൂർ റാണയെ കൈമാറാൻ ധാരണ



വാഷിങ്ടൺ: യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. വൈറ്റ് ഹൗസിലായിരുന്നു ഇരുവരും തമ്മിലെ കൂടിക്കാഴ്ച. രണ്ടാം തവണയും അധികാരത്തിലെത്തിയ ശേഷം ട്രംപുമായി കൂടിക്കാഴ്ച നടത്തുന്ന നാലാമത്തെ രാജ്യത്തലവനാണ് മോദി. വിവിധ വിഷയങ്ങൾ ഇരുവരുടേയും കൂടിക്കാഴ്ചയിൽ ചർച്ചയായയെന്നാണ് വിവരം.

മുംബൈ ഭീകരാക്രമണക്കേസിലെ പ്രതി തഹാവൂർ റാണയെ ഇന്ത്യയ്ക്ക് കൈമാറുമെന്ന് വൈറ്റ് ഹൗസിലെ സംയുക്തവാർത്താസമ്മേളനത്തിൽ ട്രംപ് പറഞ്ഞു. മോദി തന്റെ വളരെക്കാലമായുള്ള ഉറ്റസുഹൃത്താണെന്ന് ട്രംപ് അഭിപ്രായപ്പെട്ടു. കഴിഞ്ഞ നാലുവർഷവും ബന്ധം തുടർന്നു. ഇന്ത്യയ്ക്ക് കൂടുതൽ പെട്രോളിയം ഉത്പന്നങ്ങൾ വിൽക്കുമെന്നും ട്രംപ് വ്യക്തമാക്കി.

ഇന്ത്യയുമായുള്ള സൈനികവ്യാപാരം വർധിപ്പിക്കും. എഫ് 35 സ്റ്റെൽത്ത് വിമാനങ്ങൾ നൽകും. ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ വ്യാപാര ഇടനാഴിയായിരിക്കും ഇരുരാജ്യങ്ങളും തമ്മിൽ ഉണ്ടാക്കുകയെന്ന് ഇന്ത്യ മിഡിൽ ഈസ്റ്റ് ഈസ്റ്റ് യൂറോപ്യൻ വ്യാപാര ഇടനാഴിയെ പരാമർശിച്ച് ട്രംപ് പറഞ്ഞു. ഇന്ത്യയും യു.എസും പുരോഗതിക്കായി ഒരുമിച്ച് പ്രവർത്തിക്കുമെന്ന് മോദി പറഞ്ഞു. ട്രംപിന്റെ ആദ്യ കാലയളവിലേക്കാൾ കൂടുതൽ വേഗത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകും. യു.എസിന്റെ ദേശീയ താത്പര്യങ്ങൾക്കാണ് ട്രംപ് എപ്പോഴും മുൻഗണന നൽകുന്നത്. അദ്ദേഹത്തെപ്പോലെ താനും ഇന്ത്യയുടെ ദേശീയ താത്പര്യങ്ങൾക്ക് പ്രാധാന്യം നൽകുമെന്നും മോദി വ്യക്തമാക്കി.

## 'നമുക്ക് എന്നും സിനിമയുടെ ഒപ്പം നിൽക്കാം'; ആന്റണി പെരുമ്പാവൂരിന് പിന്തുണയുമായി മോഹൻലാൽ



നിർമാതാവ് സുരേഷ് കുമാറിനെ വിമർശിച്ച് നിർമാതാവും നടനുമായ ആന്റണി പെരുമ്പാവൂർ പങ്കുവെച്ച പോസ്റ്റ് ഷെയർ ചെയ്ത് നടൻ മോഹൻലാൽ. 'നമുക്ക് എന്നും സിനിമയുടെ ഒപ്പം നിൽക്കാം', എന്ന കുറിപ്പോടുകൂടിയാണ് മോഹൻലാൽ പോസ്റ്റ് പങ്കുവച്ചത്. സിനിമാ സമരവുമായി ബന്ധപ്പെട്ട സുരേഷ് കുമാറിന്റെ പ്രഖ്യാപനത്തിനെതിരേ ആന്റണി പെരുമ്പാവൂരിന്റെ പരസ്യപ്രതികരണമാണ് പോസ്റ്റിലെ ഉള്ളടക്കം. സമരം സിനിമയ്ക്ക് ഗുണമാകില്ലെന്നും തിയേറ്ററുകൾ അടച്ചിടുകയും ചിത്രീകരണം നിറുത്തുകയും ചെയ്യുമെന്ന് വ്യക്തികളല്ല സംഘടന ആലോചിച്ചു തീരുമാനിക്കേണ്ടതാണെന്നുമാണ് ആന്റണി പെരുമ്പാവൂർ പറഞ്ഞത്. കൂടാതെ ആശിർവാദ് സിനിമാസിന്റെ എംപുരാൻ എന്ന സിനിമയുടെ ബജറ്റിനെക്കുറിച്ച് പൊതുസമക്ഷം അദ്ദേഹം സംസാരിച്ചതിന്റെ ഔചിത്യബോധമെന്തെന്ന് എത്രയാലോചിച്ചിട്ടും മനസിലാവുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആന്റണിയെ പിന്തുണച്ച് പൃഥ്വിരാജ്, ഉണ്ണി മുകുന്ദൻ, ടൊവിനോ തോമസ് തുടങ്ങിയ താരങ്ങളും രംഗത്ത് വന്നിരുന്നു. അതേ സമയം സുരേഷ് കുമാറിന്റെ പ്രഖ്യാപനത്തിനെതിരേ പരസ്യമായി പോസ്റ്റിട്ട ആന്റണി പെരുമ്പാവൂരിനെതിരേ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ രംഗത്ത് വന്നു.

## തൃശൂരിൽ പട്ടാപ്പകൽ ബാങ്ക് കൊള്ള; ജീവനക്കാരെ ബന്ദിയാക്കി പണം കവർന്നു

ചാലക്കുടി : തൃശൂരിൽ പട്ടാപ്പകൽ ബാങ്ക് കൊള്ള. ഫെഡറൽ ബാങ്കിന്റെ പോട്ട ശാഖയിലാണ് മോഷണം നടന്നത്. ജീവനക്കാരെ ബന്ദിയാക്കിയ ശേഷമാണ് ബാങ്ക് കൊള്ളയടിച്ചത്. വെള്ളി പകൽ രണ്ടോടെയായിരുന്നു സംഭവം. കത്തിക്കാട്ടി ഭീഷണിപ്പെടുത്തി ജീവനക്കാരെ മുറിയിലിട്ട് പൂട്ടിയാണ് ക്യാഷ് കൗണ്ടറിലെ പണം കവർന്നത്.

കൗണ്ടറിന്റെ ചില്ല് തകർത്താണ് പണം തട്ടിയത്. ചാലക്കുടി ഡിവൈഎസ്പിയുടെ നേതൃത്വത്തിൽ വൻ പൊലീസ് സന്നാഹം സ്ഥലത്ത് എത്തിയിട്ടുണ്ട്. നഷ്ടപ്പെട്ട പണത്തിന്റെ കണക്ക് എടുത്തുകൊണ്ടിരിക്കുകയാണ്. മോഷ്ടാവിനെ പിടികൂടാൻ തൃശൂർ, എറണാകുളം ജില്ലകളിൽ വ്യാപക പരിശോധന ആരംഭിച്ചു.

പോട്ട ചെറുപുഷ്പ പള്ളിക്ക് എതിർ വശത്തുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബാങ്കിലാണ് കവർച്ച നടന്നത്. ബൈക്കിൽ ഹെൽമെറ്റും ബാഗും ധരിച്ച് ബൈക്കിലാണ് മോഷ്ടാവ് എത്തിയതെന്ന് സിസിടിവി ദൃശ്യങ്ങളിൽ വ്യക്തമായിട്ടുണ്ട്. കവർച്ച നടന്ന സമയത്ത് ബാങ്കിനുള്ളിൽ രണ്ട് ജീവനക്കാർ മാത്രമാണ് ഉണ്ടായിരുന്നത്. മറ്റുള്ളവർ ഭക്ഷണം കഴിക്കാൻ പുറത്ത് പോയിരിക്കുകയായിരുന്നു. സെക്യൂരിറ്റി ജീവനക്കാർ ഉണ്ടായിരുന്നില്ല.

ജീവനക്കാരെ മുറിയിൽ പൂട്ടിയിട്ട ശേഷം ക്യാഷ് കൗണ്ടറിനുള്ളിൽ നിന്ന് പണം എടുത്ത് ബാഗിൽ നിറയ്ക്കുന്ന രംഗം ദൃശ്യങ്ങളിലുണ്ട്. തുടർന്ന് പുറത്ത് വന്ന് സ്കൂട്ടറിൽ കയറി പോകുന്ന ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്. 15 ലക്ഷം കവർന്നതായാണ് പ്രാഥമിക നിഗമനം.

ഉച്ചഭക്ഷണത്തിന്റെ സമയം നോക്കി ബാങ്കിൽ ആരുമില്ലെന്ന് ഉറപ്പ് വരുത്തി ആസൂത്രിതമായാണ് കവർച്ച നടത്തിയിട്ടുള്ളത്. മോഷ്ടാവിനായി തെരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്. വിരലടയാള വിദ?ഗ്ദരും ഡോ?ഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തും.

## വയനാട് പുനരധിവാസം; 529.50 കോടിയുടെ പലിശരഹിത വായ്പ അനുവദിച്ച് കേന്ദ്രം

ന്യൂഡൽഹി: ഉരുൾപൊട്ടൽ ദുരന്തമുണ്ടായ മുണ്ടക്കൈ-ചൂരൽമല പുനരധിവാസത്തിന് 529.50 കോടി രൂപയുടെ പലിശരഹിത വായ്പ അനുവദിച്ച് കേന്ദ്ര സർക്കാർ. ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്ന ടൗൺഷിപ്പുകളിൽ പൊതു കെട്ടിടങ്ങളും റോഡുകളും പാലവും സ്കൂളുകളും പുനർ നിർമ്മിക്കുന്നതിനാണ് കേന്ദ്രസഹായം.

ഇക്കാര്യം അറിയിച്ച് ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കാണ് കേന്ദ്രം കത്തയച്ചത്. സംസ്ഥാനങ്ങൾക്കുള്ള മൂലധന നിക്ഷേപ സഹായത്തിൽ ഉൾപ്പെടുത്തിയാണ് വായ്പ അനുവദിച്ചിരിക്കുന്നത്. വായ്പയ്ക്ക് പലിശ നൽകേണ്ടതില്ല. വായ്പ തിരിച്ചടവിന് 50 വർഷത്തെ സാവകാശം നൽകിയിട്ടുണ്ട്.

കെട്ടിട നിർമാണം, സ്കൂൾ നവീകരണം, റോഡ് നിർമാണം, പുഴയുടെ ഒഴുക്ക് ക്രമീകരിക്കൽ തുടങ്ങിയവയ്ക്ക് കേന്ദ്രം നൽകുന്ന പണം വിനിയോഗിക്കാം. ടൗൺഷിപ്പിനായും പണം ചെലവഴിക്കാം. 2024-25 സാമ്പത്തിക വർഷത്തേക്കാണ് വായ്പ അനുവദിച്ചിരിക്കുന്നത്. ഈ സാമ്പത്തിക വർഷം നിർമാണം തുടങ്ങണമെന്നാണ് നിബന്ധന. മാർച്ച് 31 നകം പണം വിനിയോഗിക്കണമെന്നും നിർദേശമുണ്ട്. അനുവദിച്ച പദ്ധതികളിൽനിന്നു മാറി ഏതെങ്കിലും തരത്തിൽ ഫണ്ട് വകമാറ്റി ചെലവഴിച്ചാൽ വായ്പ വെട്ടിച്ചുരുക്കുമെന്നും കത്തിൽ പറയുന്നു. ആവർത്തനപദ്ധതികൾ പാടില്ലെന്നും നിർദേശമുണ്ട്.

വയനാടിനായി 2000 കോടിയുടെ പ്രത്യേക പദ്ധതി സഹായമാണ് സംസ്ഥാന സർക്കർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നത്. ഇതു സംബന്ധിച്ചുള്ള തർക്കം കോടതിയുടെ പരിഗണനയിലാണ്. ഈ സാഹചര്യത്തിലാണ് പലിശരഹിത വായ്പയായി പണം അനുവദിക്കാനുള്ള കേന്ദ്ര തീരുമാനം.

## കാൻസർ രോഗികൾക്ക് സഹായഹസ്തവുമായി എസ് യു ടി 'ഗിഫ്റ്റ് ഓഫ് കേൾസ്' എന്ന പരിപാടിയിൽ ഭാഗഭാക്കാകാൻ ക്ഷണം

തിരുവനന്തപുരം: എസ് യു ടി ആശുപത്രിയിൽ 2025 ഫെബ്രുവരി 20ന് രാവിലെ 9:00 മുതൽ വൈകുന്നേരം 5:00 വരെ 'ഗിഫ്റ്റ് ഓഫ് കേൾസ് എ സിമ്പിൾ കട്ട്, എ പവർഫുൾ ട്രാൻസ്ഫോർമേഷൻ' എന്ന കേശദാന പരിപാടി നടത്തുന്നു. കാൻസർ രോഗികൾക്ക് ആത്മവിശ്വാസവും പ്രതീക്ഷയും നൽകുന്നത് ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്.

കുറഞ്ഞത് 10 ഇഞ്ച് നീളമുള്ള മുടിയാണ് കേശദാനത്തിനായി വേണ്ടുന്നത്. ദാനം ചെയ്യുന്നതിന് ഒരു ദിവസം മുമ്പ് ഷാംപൂ ഉപയോഗിച്ച് മുടി കഴുകി ഉണക്കണം. ഈ മഹത്തായ സംരംഭത്തിൽ ചേർന്ന്, കാൻസറിനെതിരായ പോരാട്ടത്തിന്റെ ഭാഗമാകുവാൻ എല്ലാവരും ശ്രമിക്കുക. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും, 9074700959, 7902793097 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## നഴ്സിങ് കോളേജിലെ റാഗിങ്; പ്രിൻസിപ്പാളിനേയും അസി. പ്രൊഫസറേയും സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം: റാഗിങ് സംഭവുമായി ബന്ധപ്പെട്ട് കോളേജ് പ്രിൻസിപ്പാളിനേയും അസിസ്റ്റന്റ് പ്രൊഫസറേയും സസ്പെൻഡ് ചെയ്തു. പ്രിൻസിപ്പൽ പ്രൊഫ.സുലേഖ എ.ടി, അസി. പ്രൊഫസർ അജീഷ് പി മാണി എന്നിവർക്കെതിരേയാണ് അന്വേഷണവിധേയമായുള്ള നടപടി.



# പ്രണയദിനത്തിലും പറന്ന് സ്വർണവില; വീണ്ടും 64,000 രൂപയിലേക്ക്, വെള്ളിയും മേലേക്ക്

കൊച്ചി: സംസ്ഥാനത്ത് പ്രണയദിനത്തിലും കുതിപ്പ് തുടർന്ന് സ്വർണവില. ഗ്രാമിന് 10 രൂപയും പവന് 80 രൂപയുമാണ് കൂടിയത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 7,990 രൂപയിലും പവന് 63,920 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് അഞ്ചുരൂപ ഉയർന്ന് 6,585 രൂപയിലും പവന് 52,680 രൂപയിലുമെത്തി.

ചൊവ്വാഴ്ച വരെ കുതിപ്പ് തുടർന്ന സ്വർണം രാവിലെ ഒറ്റയടിക്ക് 640 രൂപ വർധിച്ചെങ്കിലും ഉച്ചയോടെ മലക്കംമറിഞ്ഞ് 400 രൂപ താഴ്ന്നിരുന്നു. ബുധനാഴ്ച പവന് 560 രൂപയും കുറഞ്ഞു. രണ്ടുദിവസം കൊണ്ട് പവന് 960 രൂപ കുറഞ്ഞ ശേഷമാണ് വ്യാഴാഴ്ച 320 രൂപ കൂടിയത്. ഇതിന്റെ തുടർച്ചയായാണ് ഇന്നും വില കൂടിയത്. ജനുവരി 22നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. തുടർന്ന് 24ന് 60, 440 രൂപയായി ഉയർന്ന് സർവകാല റിക്കാർഡിലെത്തി. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടിയിരുന്നു.

ഈ മാസം ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. മൂന്നിന് 320 രൂപ ഇടിഞ്ഞെങ്കിലും പിന്നീട് വീണ്ടും കുതിച്ചു. നാലിന് ഒറ്റയടിക്ക് 840 രൂപയും അഞ്ചിന് 760 രൂപയും ആറിന് 200 രൂപയും ഉയരുകയായിരുന്നു. തുടർന്ന് ഏഴിന് മാറ്റമില്ലാതെ തുടർന്ന ശേഷം എട്ടിന് 120 രൂപയും 10ന് 280 രൂപയും ഉയർന്ന സ്വർണം പിന്നീട് 64,000 രൂപയും കടന്നു കുതിക്കുന്ന കാഴ്ചയാണ് കണ്ടത്. ഈമാസം 11ന് കുറിച്ച ഗ്രാമിന് 8,060 രൂപയും പവന് 64,480 രൂപയുമാണ് കേരളത്തിലെ സർവകാല റിക്കാർഡ്. ആഗോള വിപണിയിലെ ചലനങ്ങളും ഡോളർ ശക്തിയാർജിക്കുന്നത് അടക്കമുള്ള ഘടകങ്ങളുമാണ് സ്വർണവിലയെ സ്വാധീനിക്കുന്നത്. ഔൺസിന് ബുധനാഴ്ച 2,887 ഡോളറായിരുന്ന രാജ്യാന്തര സ്വർണവില, വ്യാഴാഴ്ച 2,917 ഡോളറിലേക്കും ഇന്നു 2,933 ഡോളറിലേക്കും കയറി. പിന്നീട് 2,924 ഡോളറിലേക്ക് താഴ്ന്നു.

അതേസമയം, വെള്ളി നിരക്കും കൂടി. ഒരു ഗ്രാം സാധാരണ വെള്ളിക്ക് ഒരു രൂപ കൂടി 107 രൂപയിലാണ് വ്യാപാരം നടക്കുന്നത്. അതേസമയം, ഹാൾമാർക്ക് വെള്ളിയുടെ വില മാസങ്ങളായി രേഖപ്പെടുത്തിയിട്ടില്ല.

## പ്രായപൂർത്തിയാകാത്ത മകളെ പീഡിപ്പിച്ച അച്ഛൻ അറസ്റ്റിൽ

കൊല്ലം: കുളത്തുപ്പുഴയിൽ പതിനഞ്ചുകാരിയായ മകളെ പീഡിപ്പിച്ച അച്ഛൻ അറസ്റ്റിൽ. ബലാത്സംഗം, പോക്സോ എന്നീ വകുപ്പുകളാണ് പ്രതിക്കെതിരേ ചുമത്തിയത്. ജനുവരി 20ന് വീട്ടിൽ ആരും ഇല്ലാതിരുന്ന സമയത്താണ് ഇയാൾ കുട്ടിയെ പീഡനത്തിന് ഇരയായത്.

സ്കൂളിലെ കൗൺസിലിംഗിനിടെയാണ് പീഡന വിവരം കുട്ടി വെളിപ്പെടുത്തിയത്. തുടർന്ന് സ്കൂൾ അധികൃതർ കുളത്തുപ്പുഴ പോലീസിൽ വിവരമറിയിക്കുകയായിരുന്നു.

പോലീസ് ഇയാളെ വിളിച്ചുവരുത്തി അറസ്റ്റ് ചെയ്യുകയായിരുന്നു. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

## പ്ലസ് വൺ വിദ്യാർഥിയെ മർദിച്ച സംഭവം; അഞ്ച് പ്ലസ് ടു വിദ്യാർഥികൾക്കെതിരെ കേസ്

കണ്ണൂർ: പ്ലസ് വൺ വിദ്യാർഥിയെ റാഗ് ചെയ്ത് കൈയൊടിച്ച സംഭവത്തിൽ പോലീസ് കേസെടുത്തു. കൊളവല്ലൂർ പിആർ മെമ്മോറിയൽ സ്കൂളിലെ റാഗിംഗ് പരാതിയിൽ ആണ് പോലീസ് കേസെടുത്തത്.

പ്ലസ് ടു വിദ്യാർഥികളായ അഞ്ച് പേർക്കെതിരെയാണ് നടപടി. പ്ലസ് വൺ വിദ്യാർഥിയാണ് റാഗിംഗിന് ഇരയായത്. സീനിയർസിനെ ബഹുമാനിക്കുന്നില്ലെന്ന് ആരോപിച്ച് മർദ്ദിച്ചതായാണ് പരാതി. ഗുരുതരമായി പരിക്കേൽപ്പിക്കൽ, നിയമവിരുദ്ധമായി സംഘം ചേരൽ, തടഞ്ഞുവയ്ക്കൽ തുടങ്ങി ആറ് വകുപ്പുകൾ ചുമത്തി. ആക്രമണത്തിൽ നിഹാലിന്റെ ഇടത് കൈ ഒടിഞ്ഞു.

തലശേരി സഹകരണ ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്ക് ശേഷം ചികിത്സയിലാണ് നിഹാൽ. പോലീസ് ആശുപത്രിയിലെത്തി മൊഴി രേഖപ്പെടുത്തി. നേരത്തെയും സ്കൂളിൽ സമാന സംഭവം ഉണ്ടായതായി രക്ഷിതാക്കൾ പറഞ്ഞു.

## അധ്യാപികമാരുടെയും വിദ്യാർഥിനികളുടെയും ചിത്രങ്ങൾ മോർഫ് ചെയ്തു; കോളജ് വിദ്യാർഥികൾക്കെതിരെ കേസ്

കണ്ണൂർ: അധ്യാപികമാരുടെയും വിദ്യാർഥിനികളുടെയും ചിത്രങ്ങൾ മോർഫ് ചെയ്ത് പ്രചരിപ്പിച്ച സംഭവത്തിൽ കണ്ണൂർ അങ്ങാടിക്കടവ് കോളജിലെ മൂന്ന് വിദ്യാർഥികൾക്കെതിരെ കേസെടുത്തു. ഷാൻ മുഹമ്മദ്, അഖിൽ ചാക്കോ, ഷാരോൺ എന്നിവർക്കെതിരെയാണ് കേസ് എടുത്തത്. 18 പേരുടെ ചിത്രങ്ങളാണ് മുഖം മോർഫ് ചെയ്ത് നഗ്നചിത്രങ്ങളാക്കിയത്. കോളേജ് പ്രിൻസിപ്പലിന്റെ പരാതിയിലാണ് കേസ് എടുത്തത്. ഇവരുടെ മൊബൈലിൽ നിന്ന് വിദ്യാർഥിനികളുടെയും അധ്യാപികമാരുടെയും മോർഫ് ചെയ്ത ചിത്രങ്ങൾ കണ്ടെത്തി.

## വെങ്ങാനൂരിൽ ആറാം ക്ലാസുകാരനെ മർദിച്ച സംഭവം; അധ്യാപകനെതിരെ കേസ്

തിരുവനന്തപുരം: വെങ്ങാനൂരിൽ ആറാം ക്ലാസുകാരനെ മർദിച്ച സംഭവത്തിൽ അധ്യാപകനെതിരെ കേസ്. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമാണ് സെബിനെതിരെ കേസെടുത്തത്. കുട്ടിയുടെ മാതാവിന്റെ പരാതിയിലാണ് നടപടി. കഴിഞ്ഞ പത്താം തീയതിയാണ് സ്വകാര്യ സ്കൂളിലെ അധ്യാപകനായ സെബിൻ ആറാം ക്ലാസുകാരനെ മർദിച്ചത്. സ്റ്റാഫ് റൂമിൽ വച്ച് ചൂരൽകൊണ്ട് മർദിച്ചെന്നാണ് പരാതി. അധ്യാപകനെ കളിയാക്കിയെന്നാരോപിച്ചായിരുന്നു മർദനം. ക്രൂരമായി മർദിച്ചെന്നും കാലുപിടിച്ച് മാപ്പ് പറയാൻ ആവശ്യപ്പെട്ടെന്നും പരാതിയിൽ പറയുന്നു.

## തൃശൂരിലെ വർക്ക്ഷോപ്പ് ജീവനക്കാരന്റെ മരണം കൊലപാതകം; പ്രതി പിടിയിൽ

തൃശൂർ: വർക്ക്ഷോപ്പ് ജീവനക്കാരന്റെ മരണം കൊലപാതകമാണെന്ന് പോലീസ്. വല്ലച്ചിറ സ്വദേശി സന്തോഷ് കൊല്ലപ്പെട്ട കേസിലാണ് വഴിത്തിരിവുണ്ടായത്. സംഭവത്തിൽ തൃശൂർ സ്വദേശി വിനയനെ(60) പോലീസ് അറസ്റ്റ് ചെയ്തു. മദ്യപാനത്തിനിടെയുണ്ടായ തർക്കം കൊലപാതകത്തിൽ കലാശിക്കുകയായിരുന്നുവെന്ന് പോലീസ് കണ്ടെത്തി. കഴിഞ്ഞ ദിവസമാണ് സന്തോഷിനെ കിണറിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. മദ്യം വാങ്ങിയ ബിൽ കേന്ദ്രീകരിച്ച് പോലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതി വലയിലായത്.

## നഴ്സിംഗ് കോളജിലെ റാഗിംഗ്; പ്രതികളെ സംരക്ഷിക്കരുതെന്ന് സതീശൻ

തിരുവനന്തപുരം: കോട്ടയം ഗാന്ധിനഗർ നഴ്സിംഗ് കോളജിലെ റാഗിംഗ് ഞെട്ടിക്കുന്ന സംഭവമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. ഈ കേസിലെ പ്രതികൾക്ക് എസ്എഫ്ഐയുമായി ബന്ധമുണ്ട്. അവരെ സംരക്ഷിക്കരുതെന്നും സതീശൻ പ്രതികരിച്ചു. അറിയപ്പെടുന്ന ക്രിമിനലിനെ മാലയിട്ട് സ്വീകരിച്ചയാളാണ് ആരോഗ്യമന്ത്രി വീണാ ജോർജ്. ഈ കാപ്പ കേസ് പ്രതിയെ പോലീസ് പിന്നീട് നാടുകടത്തിയെന്നും സതീശൻ പറഞ്ഞു.അതേസമയം ഗാന്ധി നഗർ നഴ്സിംഗ് കോളജിൽ ജൂനിയർ വിദ്യാർഥികളെ ക്രൂരമായി റാഗ് ചെയ്ത സംഭവത്തിൽ മൊഴിയെടുപ്പ് ഇന്നും തുടരും. കോളജിലെ അധ്യാപകരുടെയും മറ്റ് വിദ്യാർഥികളുടെയും മൊഴിയാണ് ഇന്നു രേഖപ്പെടുത്തുക. ആവശ്യമെങ്കിൽ മാത്രം പ്രതികൾക്കായി കസ്റ്റഡി അപേക്ഷ നൽകാനാണ് നിലവിൽ പോലീസിന്റെ തീരുമാനം. ഗാന്ധിനഗർ നഴ്സിംഗ് കോളജിലെ മൂന്നാം വർഷ വിദ്യാർഥികളായ സാമുവൽ ജോൺ, രാഹുൽ രാജ്, റിജിൽ, വിവേക്, ജീവ എന്നിവരാണ് കേസിലെ പ്രതികൾ. റാഗിംഗ് നിരോധന നിയമപ്രകാരവും ബിഎൻഎസ് 118,308,350 എന്നീ വകുപ്പുകൾ പ്രകാരവുമാണ് പ്രതികൾക്കെതിരെ നിലവിൽ കേസെടുത്തിരിക്കുന്നത്. ആവശ്യമെങ്കിൽ കൂടുതൽ വകുപ്പുകൾ പ്രതികൾക്കെതിരെ ചുമത്തും.

## കാട്ടാക്കടയിലെ വിദ്യാർഥിയുടെ മരണം; ക്ലർക്കുമായി തർക്കമുണ്ടായെന്ന് ബെൻസൺ പറഞ്ഞതായി പ്രിൻസിപ്പൽ

തിരുവനന്തപുരം: കാട്ടാക്കട കുറ്റിച്ചൽ വൊക്കേഷണൽ ആൻഡ് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ വിദ്യാർഥി ജീവനൊടുക്കിയ സംഭവത്തിൽ വിശദീകരണവുമായി സ്കൂൾ പ്രിൻസിപ്പൽ. ഓഫീസിൽ സംഭവിച്ചത് എന്താണെന്ന് തനിക്കറിയില്ലെന്നും ക്ലർക്ക് ജെ. സനലുമായി തർക്കമുണ്ടായെന്ന് കുട്ടി തന്നോട് പരാതി പറഞ്ഞിരുന്നുവെന്നും പ്രിൻസിപ്പൽ പറഞ്ഞു.ഇക്കാര്യം അറിയിക്കാനാണ് താൻ കുട്ടിയുടെ രക്ഷിതാക്കളെ വിളിച്ചുവരുത്തിയത്. ക്ലർകിനോട് ചോദിച്ചപ്പോൾ മറുപടിയൊന്നും പറഞ്ഞില്ല. വ്യാഴാഴ്ച രാത്രി വൈകി വാട്സ്ആപ്പിൽ ഇന്ന് അവധിയായിരിക്കുമെന്ന് ക്ലർക് മെസേജ് അയച്ച് അറിയിച്ചെന്നും പ്രിൻസിപ്പൽ പറഞ്ഞു. കുറ്റിച്ചൽ എരുമകുഴി സ്വദേശി ബെൻസൺ ഏബ്രഹാമിനെയാണ് സ്കൂളിൽ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തിയത്. ക്ലർകുമായുണ്ടായ തർക്കമാണ് കുട്ടിയുടെ ആത്മഹത്യക്ക് കാരണമെന്ന് കുടുംബം ആരോപിച്ചിരുന്നു.

## സ്വകാര്യ ധനകാര്യസ്ഥാപനത്തിലെ ജീവനക്കാരിക്ക് നേരെ കൈയേറ്റം; യുവാവിനെതിരെ കേസ്

കോഴിക്കോട്: എടച്ചേരിയിൽ സ്വകാര്യ ധനകാര്യസ്ഥാപനത്തിലെ ജീവനക്കാരിക്ക് നേരെ കൈയേറ്റം. സംഭവത്തിൽ ഓർക്കാട്ടേരി സ്വദേശി ബിജീഷിനെതിരെ പോലീസ് കേസെടുത്തു. സ്ത്രീത്വത്തെ അപമാനിച്ചതിനും ആക്രമണമുണ്ടാക്കിയതിനുമാണ് നടപടി. മുടങ്ങിയ വായ്പ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്നാണ് ബിജീഷ് അക്രമാസക്തനായത്. സംഭവത്തിൽ ദൃശ്യങ്ങൾ സഹിതം പോലീസിന് നൽകിയാണ് യുവതി പരാതി നൽകിയത്.

## വിദ്യാർഥി സ്കൂളിൽ ജീവനൊടുക്കിയ സംഭവം; ക്ലർക്കിനെതിരെ ബെൻസണിന്റെ കുടുംബം

തിരുവനന്തപുരം: കുറ്റിച്ചൽ സ്കൂളിൽ വിദ്യാർഥിയെ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തിയ സംഭവത്തിൽ സ്കൂളിലെ ക്ലർക്കിനെതിരെ മരിച്ച ബെൻസണിന്റെ കുടുംബം. ക്ലർക്ക് കുട്ടിയെ മാനസികമായി പീഡിപ്പിച്ചുവെന്ന് കുടുംബം ആരോപിച്ചു. പ്രൊജക്ട് സമർപ്പിക്കാനെത്തിയപ്പോൾ ക്ലർക്ക് മോശമായി പെരുമാറിയെന്നും ബന്ധുക്കൾ വ്യക്തമാക്കി.

കുറ്റിച്ചൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിയാണ് ബെൻസൺ. സ്കൂളിൽ തൂങ്ങി മരിച്ചനിലയിലാണ് ബെൻസണെ കണ്ടെത്തിയത്. കഴിഞ്ഞ ദിവസം കുട്ടിയെ കാണാതായിരുന്നു. തുടർന്ന് കുടുംബാംഗങ്ങൾ പോലീസിൽ പരാതി നൽകിയിരുന്നു. തിരച്ചിൽ നടക്കുന്നതിനിടെയാണ് സ്കൂളിലെ ശുചിമുറിക്ക് സമീപം തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

# ഇനിയും മടിക്കരുത് : പത്ത് ദിവസത്തിനുള്ളിൽ ഒരു ലക്ഷത്തിലധികം കാൻസർ സ്ക്രീനിംഗ്

### 1321 ആശുപത്രികളിൽ കാൻസർ സ്ക്രീനിംഗ് സംവിധാനം

കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനിൽ പങ്കെടുത്തുകൊണ്ട് ഒരു ലക്ഷത്തിലധികം (1,10,388) പേർ കാൻസർ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യ ഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. സ്ത്രീകളെ പ്രധാനമായി ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയോടൊപ്പം മറ്റ് കാൻസറുകളും സ്ക്രീനിംഗ് നടത്തുന്നുണ്ട്. സംസ്ഥാനത്തെ 1321 സർക്കാർ ആശുപത്രികളിൽ സ്ക്രീനിംഗിനായുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. സ്ക്രീൻ ചെയ്തതിൽ 5185 പേരെ കാൻസർ സംശയിച്ച് തുടർ പരിശോധനയ്ക്ക് റഫർ ചെയ്തു. പരിശോധനയിൽ കാൻസർ സ്ഥിരീകരിക്കുന്നവർക്ക് ചികിത്സയും തുടർ പരിചരണവും ലഭ്യമാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

98,329 സ്ത്രീകൾക്ക് സ്തനാർബുദം ഉണ്ടോയെന്നറിയാൻ സ്ക്രീനിംഗ് നടത്തി. അതിൽ 3193 പേരെ (3 ശതമാനം) സ്തനാർബുദം സംശയിച്ച് തുടർ പരിശോധനയ്ക്ക് റഫർ ചെയ്തു. 51,950 പേരെ ഗർഭാശയഗള കാൻസറിന് സ്ക്രീൻ ചെയ്തതിൽ 2042 പേരെ (4 ശതമാനം) തുടർ പരിശോധനയ്ക്കായും 30,932 പേരെ വായിലെ കാൻസറിന് സ്ക്രീൻ ചെയ്തതിൽ 249 പേരെ (1 ശതമാനം) തുടർ പരിശോധനയ്ക്കായും റഫർ ചെയ്തു.

സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, പൊതുസമൂഹം തുടങ്ങി എല്ലാവരും സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. പല കാൻസറുകളും വളരെ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ ഭേദമാക്കാൻ സാധിക്കും. വ്യക്തികൾക്കും പ്രിയപ്പെട്ടവർക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ കുറയുകയും ചെയ്യും. ഇത് മുന്നിൽ കണ്ടാണ് സംസ്ഥാന ആരോഗ്യ വകുപ്പ് പൊതുജന പങ്കാളിത്തത്തോടെ കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിച്ചത്.

സ്തനാർബുദം സ്വയം പരിശോധനയിലൂടെ പലപ്പോഴും കണ്ടെത്താൻ കഴിയാറില്ല. അതിനാൽ എല്ലാ സ്ത്രീകളും തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലെത്തി സ്ക്രീനിംഗ് നടത്തണം. ശരീരത്തിൽ ഏതെങ്കിലും തരത്തിലുള്ള അസ്വാഭാവികമായ മുഴകളോ മറവിപ്പോ മറ്റ് പ്രശ്നങ്ങളോ ഉണ്ടെങ്കിൽ സ്ക്രീനിംഗിൽ പങ്കെടുക്കുമ്പോൾ ആരോഗ്യ പ്രവർത്തകരെ വിവരം അറിയിക്കണം. രോഗം സംശയിക്കുന്നവർ വിദഗ്ധ പരിശോധനയ്ക്കും ചികിത്സയ്ക്കും തയ്യാറാവണം. സർക്കാർ ആശുപത്രികൾക്ക് പുറമേ സ്വകാര്യ ആശുപത്രികളിലും പ്രത്യേക സ്ക്രീനിംഗ് ലഭ്യമാണ്.

ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടാണ് പരിശോധന. എപിഎൽ വിഭാഗക്കാർക്ക് മിതമായ നിരക്കിലും പരിശോധനാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

## മൂന്നാറിൽ കെഎസ്ആർടിസി ബസിന് പിന്നിലിടിച്ച് പടയപ്പ

ഇടുക്കി: മൂന്നാറിൽ കെഎസ്ആർടിസി ബസിന് പിന്നിലിടിച്ച് കാട്ടാന പടയപ്പ. വ്യാഴാഴ്ച രാത്രിയാണ് സംഭവം. ബസിന് പിന്നിൽ ആന മസ്തകം കൊണ്ട് ഇടിക്കുകയായിരുന്നു. ആന പിന്തിരിഞ്ഞതിന് ശേഷമാണ് ബസ് മുന്നോട്ടെടുക്കാനായത്. മൂന്നാറിൽനിന്ന് ഉടുമലൈയിലേക്ക് പോയ ബസിന് നേരെയായിരുന്നു ആക്രമണം. ആനയെ എത്രയും പെട്ടെന്ന് പ്രദേശത്തുനിന്ന് തുരത്തണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

മദപ്പാടിലുള്ള പടയപ്പ കുറച്ച് ദിവസങ്ങളായി അക്രമാസക്തനാണ്. കഴിഞ്ഞ ദിവസം ബൈക്ക് യാത്രികരായ അമ്മയെയും മകനെയും പടയപ്പ ആക്രമിച്ചിരുന്നു. സ്വദേശികളായ ഡിൽജിയെയും മകൻ ബിനിലിനെയുമാണ് ആക്രമിച്ചത്. ആനയെ കണ്ടതോടെ ഡിൽജിയും ബിനിലും ബൈക്ക് നിർത്തി ഓടിരക്ഷപ്പെടാൻ ശ്രമിച്ചു. എന്നാൽ, ഡിൽജിയെ ആന എടുത്തെറിയുകയായിരുന്നു. ഇടുപ്പെല്ല് പൊട്ടിയ ഇവരെ വിദഗ്ധ ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

## ആലപ്പുഴയിൽ വാഹനാപകടം; യുവാവ് മരിച്ചു

ആലപ്പുഴ: വളവനാട് ബൈക്ക് മതിലിൽ ഇടിച്ചുണ്ടായ അപകടത്തിൽ യുവാവ് മരിച്ചു. മാരാരിക്കുളം സ്വദേശി രാഹുൽ ആണ് മരിച്ചത്. ഒപ്പമുണ്ടായിരുന്ന സുഹൃത്ത് മനീഷിന് ഗുരുതര പരിക്കുണ്ട്. ഇയാളെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വെള്ളിയാഴ്ച പുലർച്ചെ ഒന്നോടെ വളവനാട് ലെവൽ ക്രോസിന് സമീപമാണ് അപകടമുണ്ടായത്. പോലീസ് എത്തി ആശുപത്രിയിൽ എത്തിച്ചെങ്കിലും രാഹുലിന്റെ ജീവൻ രക്ഷിക്കാനായില്ല.

## മസ്തകത്തിൽ പരിക്കേറ്റ ആന അവശനിലയിൽ; അരുൺ സക്കറിയയും സംഘവും ഇന്ന് എത്തും

മലയാറ്റൂർ: അതിരപ്പിള്ളിയിൽ മസ്തകത്തിന് മുറിവേറ്റ നിലയിൽ കണ്ടെത്തിയ ആന അവശനിലയിൽ. ആരോഗ്യനില മോശമായി ഭക്ഷണം എടുക്കാൻ പോലും ബുദ്ധിമുട്ടിലാണ് ആനയെന്നാണ് വിലയിരുത്തൽ. ആനയെ കൂട്ടിലാക്കി പരിശോധന നടത്തേണ്ടായെന്ന് പറഞ്ഞിരുന്നെങ്കിലും പിന്നീട് ആനയുടെ അവസ്ഥ വിലയിരുത്തി ഈ തീരുമാനം മാറ്റുകയായിരുന്നു. ആനയെ ഇന്നുതന്നെ പിടികൂടി കൊണ്ടുവന്ന് പരിചരിക്കുന്നതിനായി കോടനാട് അഭയാരണ്യത്തിൽ തയാറെടുപ്പുകൾ തുടങ്ങി.

കഴിഞ്ഞ മാസമായിരുന്നു മസ്തകത്തിൽ പരിക്കേറ്റ നിലയിൽ ആനയെ വനത്തിനുള്ളിൽ കണ്ടെത്തിയത്. തുടർന്ന് അരുൺ സക്കറിയയും സംഘവും എത്തി മയക്കുവെടി വെച്ച് പരിശോധന നടത്തുകയും ചികിത്സ നൽകുകയും ചെയ്തിരുന്നു. എന്നാൽ ആനയുടെ അവസ്ഥ വീണ്ടും മോശമാകുകയായിരുന്നു.

കുറച്ച് ദിവസങ്ങൾക്ക് മുൻപാണ് ആനയെ അസ്വസ്ഥനായി അതിരപ്പിള്ളിയിലെ എണ്ണപ്പന തോട്ടത്തിലും റോഡിലുമായി കണ്ടെത്തുകയായിരുന്നു. ആന നിലവിൽ വനം വകുപ്പിന്റെ നിരീക്ഷണത്തിലാണ് ഉള്ളത്.

# മരണത്തിലും മാതൃകാ അധ്യാപകൻ

## നാല് പേർക്ക് പുതുജീവൻ നൽകി രാജേഷ് മാഷ് യാത്രയായി

തലച്ചോറിലെ രക്തസ്രാവത്തെ തുടർന്ന് മസ്തിഷ്ക മരണം സംഭവിച്ച അധ്യാപകന്റെ അവയവങ്ങൾ നാല് പേർക്ക് പുതുജീവൻ നൽകും.

അമൃത എച്ച്.എസ്.എസ്. പാരിപ്പള്ളിയിലെ അധ്യാപകനായ ആർ. രാജേഷിന്റെ (52) അവയവങ്ങളാണ് കേരളത്തിലെ വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്ന നാല് പേർക്ക് ദാനം ചെയ്തത്. രണ്ട് വൃക്ക, രണ്ട് നേത്രപടലം എന്നിവയാണ് ദാനം ചെയ്തത്. ഒരു വൃക്ക തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിനും മറ്റൊന്ന് കിംസ് ആശുപത്രിയ്ക്കുമാണ് നൽകിയത്. നേത്രപടലം തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിക്ക് നൽകി. തീവ്ര ദു:ഖത്തിനിടയിലും അവയവ ദാനത്തിന് സന്നദ്ധരായ കുടുംബത്തിന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു. കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേരുന്നതായും മന്ത്രി അറിയിച്ചു.

തിരുവനന്തപുരം വർക്കല സ്വദേശിയായ ആർ. രാജേഷിനെ തലച്ചോറിലെ രക്തസ്രാവത്തെ തുടർന്നാണ് സ്വകാര്യ ആശുപത്രിയിൽ ഫെബ്രുവരി എട്ടിന് പ്രവേശിപ്പിച്ചത്. ഫെബ്രുവരി 13ന് മസ്തിഷ്ക മരണം സ്ഥിരീകരിച്ചു. തുടർന്ന് ഭാര്യ സംഗീത, മക്കൾ ഹരിശാന്ത്, ശിവശാന്ത് എന്നിവർ സമ്മതം നൽകിയതോടെ അവയവദാനത്തിന് വഴിയൊരുങ്ങി.സർക്കാരിന്റെ അവയവദാന പദ്ധതി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ (കെ-സോട്ടോ) നേതൃത്വത്തിലാണ് അവയവമാറ്റ കൈമാറ്റ നടപടിക്രമങ്ങളും സ്വീകർത്താക്കളെ കണ്ടെത്താനുള്ള നടപടിയും നടന്നത്.

## ഡി.ഫാം പരീക്ഷ; രജിസ്ട്രേഷൻ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഡി.ഫാം പാർട്ട് കക (റഗുലർ/സപ്ലിമെന്ററി) (ഇആർ2020) പരീക്ഷ സംസ്ഥാനത്തെ വിവിധ ഫാർമസി കോളേജുകളിൽ വച്ച് മെയ് 7 മുതൽ നടക്കും. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ട അപേക്ഷകർ നിശ്ചിത തുകയ്ക്കുള്ള ഫീസ് അടച്ച് പൂരിപ്പിച്ച അപേക്ഷകൾ ഫെബ്രുവരി 27ന് മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിച്ച് അതാത് കോളേജുകളിൽ നിന്നുള്ള അപേക്ഷകൾ മാർച്ച് 3ന് മുമ്പായി ചെയർമാൻ, ബോർഡ് ഓഫ് ഡി.ഫാം എക്സാമിനേഷൻസ്, തിരുവനന്തപുരം-11 എന്ന വിലാസത്തിൽ അയക്കണം. വിശദ വിവരങ്ങൾക്ക്: www.dme.kerala.gov.in

## കോട്ടയം നഴ്സിംഗ് കോളജിലേക്കുള്ള കെഎസ്‌യു മാർച്ചിൽ സംഘർഷം

കോട്ടയം: ഗാന്ധിനഗർ നഴ്സിംഗ് കോളജിൽ ജൂനിയർ വിദ്യാർഥികളെ ക്രൂരമായി റാഗ് ചെയ്ത സംഭവത്തിൽ പ്രതിഷേധിച്ച് കെഎസ്‌യു നടത്തിയ മാർച്ചിൽ സംഘർഷം. ഗേറ്റിന് മുന്നിൽ പോലീസ് ബാരിക്കേഡ് വച്ച് തടഞ്ഞു. എന്നാൽ ഇത് മറികടന്ന് പ്രവർത്തകർ അകത്തേക്ക് കടക്കാൻ ശ്രമിച്ചതോടെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു. പ്രവർത്തകർ ഇപ്പോഴും ഇവിടെനിന്ന് പിരിഞ്ഞു പോകാൻ തയാറായിട്ടില്ല. വിദ്യാർഥികൾ റാഗിംഗിന് ഇരയായ സംഭവത്തിൽ കോളജ്, ഹോസ്റ്റൽ അധികൃതരുടെ ഭാഗത്ത് വീഴ്ച ഉണ്ടായെന്ന് ആരോപിച്ചായിരുന്നു പ്രതിഷേധം.കേരള ഗവ. സ്റ്റുഡൻസ് നേഴ്സസ് അസോസിയേഷന്റെ നേതാവാണ് പ്രതികളിൽ ഒരാളായ രാഹുൽ രാജ്. ഇത് ഇടത് അനുകൂല സംഘടനയാണ്. ഇത്തരം സംഘടനകളുമായി ബന്ധപ്പെട്ടവരാണ് റാഗിംഗിന് നേതൃത്വം കൊടുക്കുന്നതെന്ന് കെഎസ്‌യു ആരോപിച്ചു. നേരത്തേ എബിവിപി പ്രവർത്തകരും കോളജിലേക്ക് മാർച്ച് നടത്തിയിരുന്നു. കോളജ് വളപ്പിൽ കയറിയ നാല് എബിവിപി പ്രവർത്തകരെ പോലീസ് കസ്റ്റഡിയിലെടുത്ത് നീക്കിയിരുന്നു.

## തമിഴ്നാട്ടിൽ സ്കൂളിൽ വിദ്യാർഥിനിക്ക് പീഡനം; സീനിയർ വിദ്യാർഥികൾ അറസ്റ്റിൽ

ചെന്നൈ: തമിഴ്നാട്ടിൽ സ്കൂളിൽ വച്ച് വിദ്യാർഥിനിയെ പീഡിപ്പിച്ച മൂന്ന് സീനിയർ വിദ്യാർഥികൾ പിടിയിൽ. സേലം ജില്ലയിലെ സർക്കാർ സ്കൂളിലെ 11-ാം ക്ലാസ് വിദ്യാർഥികളായ മൂന്നുപേരാണ് പിടിയിലായത്.

ജനുവരി 22 ന് സ്കൂൾ പരിസരത്ത് വച്ചാണ് സംഭവം നടന്നത്. ആക്രമണത്തിനിരയായ കുട്ടി സംഭവത്തെക്കുറിച്ച് സഹപാഠിയോട് പറയുകയും ഈ കുട്ടി അധ്യാപികയെ വിവരമറിയിക്കുകയും ചെയ്തു.

അധ്യാപിക ഇതേക്കുറിച്ച് സ്കൂൾ പ്രിൻസിപ്പലിനെ അറിയിച്ചുവെങ്കിലും ഇവർ പോലീസിനെ അറിയിക്കാൻ വൈകി. ഫെബ്രുവരി 10 ന് പെൺകുട്ടിയുടെ അമ്മാവൻ ഹെൽപ്പ് ലൈൻ നമ്പറായ 1098 ൽ വിളിച്ച് വിവരമറിയിച്ചു.

തുടർന്ന് ശിശുക്ഷേമ ഉദ്യോഗസ്ഥർ പ്രാഥമിക അന്വേഷണം നടത്തി പോലീസിനെ അറിയിക്കുകയായിരുന്നു. സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണെന്ന് ഒരു മുതിർന്ന പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു.

കുട്ടികൾക്കെതിരായ ലൈംഗീക കുറ്റകൃത്യങ്ങൾ തടയൽ നിയമപ്രകാരം (പോക്സോ) പോലീസ് മൂന്ന് വിദ്യാർഥികളെയും അറസ്റ്റ് ചെയ്തു. ആവശ്യമെങ്കിൽ സ്കൂൾ അധികൃതർക്കെതിരെ നടപടിയെടുക്കുമെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.

# മഹാരാഷ്ട്രയിലെ ആദിവാസി കർഷകർക്ക് സിഎംഎഫ്ആർഐയുടെ കൈത്താങ്ങ്

## കർഷകർക്കായി സിഎംഎഫ്ആർഐ ഉൽപാദിപ്പിച്ചത് ഒരു ലക്ഷത്തോളം ഓയിസ്റ്റർ വിത്തുകൾ

കൊച്ചി: മഹാരാഷ്ട്രയിലെ തീരദേശ ആദിവാസി കർഷകർക്കായി ഒരു ലക്ഷത്തോളം ഓയിസ്റ്റർ (കായൽ മുരിങ്ങ) വിത്തുകൾ ഉൽപാദിപ്പിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ഷെല്ലുകളിൽ പിടിപ്പിച്ച വിത്തുകൾ ഓയിസ്റ്റർ കൃഷിക്കായി മഹാരാഷത്രയിലെത്തിച്ചു.



*ഷെല്ലിൽ പിടിപ്പിച്ച ഓയിസ്റ്റർ വിത്തുകൾ മഹാരാഷ്ട്രയിലേക്ക് കൊണ്ട്പോകുന്നതിന് മുമ്പായി പാക്ക് ചെയ്യുന്നു*

മഹാരാഷ്ട്രയിലെ മാംഗ്രൂവ് ആന്റ് മറൈൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ഫൗണ്ടേഷനുമായി സഹകരിച്ചാണ് പദ്ധതി. ബദൽ ഉപജീവനമാർഗമെന്ന നിലക്ക് ഓയിസ്റ്റർ കൃഷിയിലൂടെ ആദിവാസി കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഉയർന്ന വിളവ് നൽകുന്നതും മെച്ചപ്പെട്ട ബദൽ ഉപജീവനമാർഗവും പരിസ്ഥിതി സൗഹൃദവുമാണ് ഓയിസ്റ്റർ കൃഷി.

അഷ്ടമുടിക്കായലിൽ നിന്ന് ശേഖരിച്ച കായൽ മുരിങ്ങ സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം പ്രാദേശിക കേന്ദ്രത്തിലെ ഹാച്ചറിയിൽ പ്രജനനം നടത്തി 50 ലക്ഷത്തോളം ലാർവ ഉൽപാദിപ്പിച്ചു. ഇവയെ വീണ്ടും 60 ദിവസത്തോളം ഹാച്ചറിയിൽ വളർത്തി ശരാശരി 8.5 മില്ലിമീറ്റർ വലിപ്പത്തിൽ ഷെല്ലുകളിൽ പറ്റിപ്പിടിക്കാൻ പാകത്തിലുള്ളതാക്കി വികസിപ്പിച്ചു. ഒരു ഷെല്ലിൽ രണ്ട് മുതൽ 12 വിത്തുകൾ വരെ ഇത്തരത്തിൽ അടങ്ങിയിട്ടുണ്ട്.

ഹാച്ചറികളിൽ ഉൽപാദിപ്പിച്ച വിത്തുകളുടെ ലഭ്യതക്കുറവാണ് പ്രധാന പരിമിതി. ഉയർന്ന അതിജീവന നിരക്ക്, വളർച്ചാനിരക്ക്, രോഗപ്രതിരോധ ശേഷി എന്നീ ഗുണങ്ങളുള്ളതിനാൽ കായലുകളിൽ നിന്ന് ലഭിക്കുന്ന വിത്തുകളേക്കാൾ ഗുണങ്ങൾ കൂടുതലാണ് ഹാച്ചറിയിൽ ഉൽപാദിപ്പിച്ച വിത്തുകൾക്ക്. ഇവ ഓയിസ്റ്റർ ഷെല്ലുകളിൽ പിടിപ്പിക്കുന്നതും ഹാച്ചറി സംവിധാനം വഴിയാണ്. ഇത്തരത്തിൽ ഷെല്ലുകളിൽ പിടിപ്പിച്ച ഒരു ലക്ഷത്തോളം വിത്തുകളാണ് കടൽവെള്ളത്തിൽ കുതിർത്ത ചാക്കിൽ പൊതിഞ്ഞ് പ്രത്യേക പെട്ടികളിൽ സുരക്ഷിതമായി പായ്ക്ക് ചെയ്ത് മഹാരാഷ്ട്രയിലെത്തിച്ചത്.

തീറ്റ ആവശ്യമില്ലാത്തതിനാൽ പരമ്പരാഗത അക്വാകൾച്ചർ രീതികളെ അപേക്ഷിച്ച് ചിലവ് കുറഞ്ഞതും ലാഭകരവുമാണ് ഓയിസ്റ്റർ കൃഷി. മലിനീകരണം കുറഞ്ഞതും ചെറുകിട കർഷകർക്ക് സുസ്ഥിര വരുമാനം നേടാൻ സഹായിക്കുന്നതുമായ മികച്ച ജലകൃഷിയാണിതെന്ന് പദ്ധതിക്ക് നേതൃത്വം നൽകിയ സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ എം കെ അനിൽ പറഞ്ഞു.

ഹാച്ചറിയിൽ ഉൽപ്പാദിപ്പിക്കുന്ന വിത്തുകളുടെ ലഭ്യത ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയാൽ ഓയിസ്റ്റർ കൃഷിയിലൂടെ തീരദേശവാസികളുടെ വരുമാനം വർധിപ്പിക്കാനാകുമെന്നാണ് പ്രതീക്ഷ. ആഭ്യന്തര-വിദേശ വിപണികളിൽ മികച്ച അവസരമാണിത് നൽകുന്നത്. ഉയർന്ന പ്രോട്ടീൻ, അവശ്യ ധാതുക്കൾ, ഒമേഗ-3 ഫാറ്റി ആസിഡുകൾ എന്നിവയുൾപ്പെടെയുള്ള പോഷക ഗുണങ്ങൾ കാരണം കായൽ മുരിങ്ങക്ക് ആവശ്യക്കാരേറെയുണ്ട്. ഏഴ് ബില്യൺ യുഎസ് ഡോളറിലധികം വിലമതിക്കുന്ന പ്രധാന ആഗോള വ്യവസായമാണിത്.

# വിജയ്ക്ക് വൈ പ്ലസ് കാറ്റഗറി സുരക്ഷ നൽകാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ തീരുമാനം

ചെന്നൈ: തമിഴഗ വെട്രി കഴഗം അധ്യക്ഷനും നടനുമായ വിജയ്ക്ക് വൈ പ്ലസ് കാറ്റഗറി സുരക്ഷ അനുവദിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറേതാണ് തീരുമാനം. രണ്ട് കമാൻഡോകൾ ഉൾപ്പെടെ 11 സിആർപിഎഫ് ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘത്തിനാണ് സുരക്ഷാ ചുമതല. തമിഴ്നാടിനുള്ളിൽ മാത്രമേ വിജയ്ക്ക് വൈ പ്ലസ് കാറ്റഗറി സുരക്ഷ നൽകൂ എന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇൻറലിജൻറ്സ് ബ്യൂറോ സർക്കാരിന് സമർപ്പിച്ച ഭീഷണി വിലയിരുത്തലുകളുടെ അടിസ്ഥാനത്തിലാണ് തീരുമാനം.

മാർച്ച് ആദ്യവാരം വിജയ് തമിഴ്നാട്ടിലുടനീളം റോഡ് ഷോ നടത്തുമെന്ന് സൂചനയുണ്ട്. 2026 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് വിജയ് തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടത്തുന്നത്.

വിജയ്‌യുടെ വരാനിരിക്കുന്ന യാത്രയുമായി ബന്ധപ്പെട്ട വാർത്തകളിൽ അദ്ദേഹത്തെ തല്ലണമെന്ന് ചിലർ അഭിപ്രായപ്പെട്ടതിനെ തുടർന്നാണ് ഈ സുരക്ഷ ഒരുക്കിയിരിക്കുന്നത് എന്ന് തമിഴ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

# ഗേറ്റ് തലയിൽ വീണ് ഗുരുതര പരിക്കേറ്റ രണ്ടാം ക്ലാസുകാരി മരിച്ചു

ചെന്നൈ: ഗേറ്റ് തലയിൽ വീണ് ഏഴുവയസുകാരിക്ക് ദാരുണാന്ത്യം. ചെന്നൈ നങ്കനല്ലൂരിലാണ് സംഭവം. രണ്ടാം ക്ലാസ് വിദ്യാർഥി ഐശ്വര്യയാണ് മരിച്ചത്.

വ്യാഴാഴ്ച വൈകിട്ട് പിതാവ് സ്കൂളിൽ നിന്ന് വിളിച്ചുകൊണ്ടുവന്നതിന് പിന്നാലെയായിരുന്നു സംഭവം. അപകടത്തിൽ കുട്ടിയുടെ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റിരുന്നു. വ്യാഴാഴ്ച വൈകിട്ട് പിതാവ് കുട്ടിയെ സ്കൂളിൽ നിന്നും സ്കൂട്ടറിൽ തിരികെ വീട്ടിലേക്ക് കൊണ്ടുവന്നു. തുടർന്ന് പെൺകുട്ടി വീടിന്റെ ഇരുമ്പ് ഗേറ്റ് തുറന്നു. അച്ഛൻ ഇരുചക്രവാഹനവുമായി പോയതിനുശേഷം ഇരുമ്പ് ഗേറ്റ് അടച്ചു.

പെട്ടെന്ന് പെൺകുട്ടിയുടെ മേൽ ഇരുമ്പ് ഗേറ്റ് ഇടിഞ്ഞുവീഴുകയായിരുന്നു. അപകടത്തിൽ പെൺകുട്ടിയുടെ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റു. കുട്ടിയെ അയൽക്കാരും പെൺകുട്ടിയുടെ അച്ഛനും ഉടൻ തന്നെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# ഡൽഹിയിൽ വൈദ്യുതി മുടക്കം പതിവായെന്ന് അതിഷി; ഉത്തർപ്രദേശാക്കി മാറ്റാനുള്ള ശ്രമമെന്ന് ആരോപണം

ന്യൂഡൽഹി: ബിജെപി അധികാരത്തിലേറിയതിന് ശേഷം ഡൽഹിയിൽ വൈദ്യുതി മുടക്കം പതിവായെന്ന് മുൻ മുഖ്യമന്ത്രി അതിഷി. വൈദ്യുതി തടസത്തിന് പേരുകേട്ട സംസ്ഥാനമായ ഉത്തർപ്രദേശ് ആക്കി ഡൽഹിയെ മാറ്റാനാണ് ബിജെപി ആഗ്രഹിക്കുന്നതെന്ന് അതിഷി പറഞ്ഞു. ഡൽഹിയിൽ ആം ആദ്മി പാർട്ടി അധികാരം നഷ്ടപ്പെട്ട് മൂന്ന് ദിവസത്തിനുള്ളിൽ നഗരത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് 40 ലധികം വൈദ്യുതി തടസങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്നും ആളുകൾ ഇപ്പോൾ ഇൻവെർട്ടറുകൾ വാങ്ങാൻ തുടങ്ങിയിട്ടുണ്ടെന്നുമാണ് അതിഷി വാർത്താസമ്മേളനത്തിൽ പറഞ്ഞത്. ആം ആദ്മി സർക്കാരിനു കീഴിൽ, വൈദ്യുതി മേഖലയെ തുടർച്ചയായി നിരീക്ഷിച്ചുകൊണ്ടിരുന്നു, ബിജെപി അധികാരത്തിൽ വന്നതോടെ മൂന്ന് ദിവസത്തിനുള്ളിൽ ഇത് തകർന്നു. എങ്ങനെ ഭരിക്കണമെന്ന് ബിജെപിക്ക് അറിയില്ല, ഇത്കാരണം ഉത്തർപ്രദേശ് പോലെ ഡൽഹിയിലും ദീർഘനേരം വൈദ്യുതി മുടങ്ങുന്ന സാഹചര്യം സൃഷ്ടിക്കുമെന്ന് അതിഷി ആരോപിച്ചു. എന്നാൽ, ഡൽഹിയിൽ എവിടെയും വൈദ്യുതി തടസമില്ലെന്ന് ഡൽഹി ബിജെപി പ്രസിഡൻറ് വീരേന്ദ്ര സച്ച്ദേവ പറഞ്ഞു. അടിസ്ഥാന രഹിതമായ പ്രസ്താവനകൾ നടത്തുന്നതിനുപകരം ഡൽഹിയിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് വൈദ്യുതി തടസം അനുഭവപ്പെടുന്നതെന്ന് വ്യക്തമാക്കാൻ അതിഷിയെ അദ്ദേഹം വെല്ലുവിളിച്ചു. കൂടാതെ, വൈദ്യുതി മുടക്കം വരുത്തുകയോ അറ്റകുറ്റപ്പണികൾ അനാവശ്യമായി വൈകിപ്പിക്കുകയോ ചെയ്താൽ പുതിയ സർക്കാർ രൂപീകരിച്ചു കഴിഞ്ഞതിന് ശേഷം അന്വേഷണത്തിന് തയാറാകണമെന്ന് അദ്ദേഹം വൈദ്യുതി വിതരണ കമ്പനികൾക്ക് മുന്നറിയിപ്പ് നൽകി. വൈദ്യുതി മുടക്കം സംബന്ധിച്ച് അതിഷിയും ആം ആദ്മി പാർട്ടിയിലെ മറ്റ് നേതാക്കളും തെറ്റായ വിവരങ്ങളും ആശയക്കുഴപ്പങ്ങളും പ്രചരിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയാണോ എന്നും സച്ച്ദേവ ചോദ്യമുന്നയിച്ചു.

# ആർക്കെതിരേയാണ് കേസെടുക്കേണ്ടത് ആനയിടഞ്ഞ സംഭവത്തിൽ വിശദീകരണം തേടി ഹൈക്കോടതി

കോഴിക്കോട്: കൊയിലാണ്ടി കുറുവങ്ങാട് മണക്കുളങ്ങര ഭഗവതി ക്ഷേത്രത്തിൽ ആനയിടഞ്ഞതിനെ തുടർന്നുണ്ടായ തിക്കിലും തിരക്കിലും പെട്ട് മൂന്ന് പേർ മരിച്ച സംഭവത്തിൽ സ്വമേധയാ ഇടപെട്ട് ഹൈക്കോടതി.

ഗുരുവായൂർ ദേവസ്വത്തോടും വനംവകുപ്പിനോടും വിശദീകരണം തേടിയ ഹൈക്കോടതി, ദേവസ്വം ഉദ്യോഗസ്ഥൻ ഹാജരാകണമെന്നും ആവശ്യപ്പെട്ടു.

രണ്ട് ആനകളുടെ ഉൾപ്പെടെ ഫീഡിങ് റജിസ്റ്റർ, ട്രാൻസ്പോർട്ടേഷൻ രജിസ്റ്റർ, മറ്റു രജിസ്റ്ററുകൾ തുടങ്ങിയവ ഹാജരാക്കണമെന്നും ദേവസ്വം ലൈവ്സ്റ്റോക് ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ നേരിട്ട് ഹാജരായി വിശദീകരണം നൽകണമെന്നും കോടതി നിർദേശിച്ചു.

എന്തിനാണ് ഇത്ര ദൂരത്തേക്ക് ആനയെ കൊണ്ടുപോയതെന്നും ഇത്തരം അപകടങ്ങൾ ഉണ്ടാകുമ്പോൾ ആർക്കെതിരെയാണ് കേസെടുക്കേണ്ടതെന്നും ജസ്റ്റീസുമാരായ അനിൽ കെ. നരേന്ദ്രൻ, എസ്. മുരളീകൃഷ്ണ എന്നിവരുടെ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ചോദിച്ചു.

മാധ്യമവാർത്തകളുടെ അടിസ്ഥാനത്തിലാണ് കോടതി ഇടപെടൽ.

# ക്യാമ്പ് സിറ്റിങ്

കേരള ലോകായുക്ത കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ക്യാമ്പ് സിറ്റിങ് നടത്തും.

ഫെബ്രുവരി 19നു രാവിലെ 10.30 ന് കണ്ണൂർ പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലും കോഴിക്കോട് 20നു രാവിലെ 10.30 ന് ഗവ. ഗസ്റ്റ്ഹൗസ് കോൺഫറൻസ് ഹാളിലുമാണ് സിറ്റിങ്. ε. സിറ്റിങ് ദിവസങ്ങളിൽ നിശ്ചിത ഫോമിലുള്ള പുതിയ പരാതികൾ സ്വീകരിക്കും.

# ആനയിടഞ്ഞുണ്ടായ അപകടം; കൊയിലാണ്ടിയിലെ ഒമ്പത് വാർഡുകളിൽ ഇന്ന് ഹർത്താൽ

കൊയിലാണ്ടി: കൊയിലാണ്ടി നഗരസഭയിലെ ഒമ്പത് വാർഡുകളിൽ ഇന്ന് സംയുക്ത ഹർത്താൽ. കുറുവിലങ്ങാട് മണക്കുളങ്ങര ക്ഷേത്രത്തിൽ ആനയിടഞ്ഞ് മൂന്ന് പേർ മരിച്ച സംഭവത്തിൽ ദുഃഖസൂചകമായാണ് ഹർത്താൽ ആചരിക്കുന്നത്.

നഗരസഭയിലെ 17,18 വാർഡുകളിലും 25 മുതൽ 31 വരെയുള്ള വാർഡുകളിലാണ് ഹർത്താൽ ബാധാകമാവുക. കാക്രട്ട്കുന്ന്, അറുവയൽ, അണേല കുറുവങ്ങാട്, കണയങ്കോട്, വരകുന്ന്, കുറുവങ്ങാട്, മണമൽ, കോമത്തകര, കോതമംഗലം എന്നീ വാർഡുകളിലാണ് ഹർത്താൽ.

കൊയിലാണ്ടിയിലെ സംഭവത്തിൽ അടിയന്തിര റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടറോടും ഉത്തരമേഖല സോഷ്യൽ ഫോറസ്ട്രി ചീഫ് കൺസർവേറ്ററോടും വനം വകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രൻ ഉത്തരവിട്ടിട്ടുണ്ട്.

സംഭവത്തിൽ റവന്യൂ വകുപ്പും ഇന്ന് റിപ്പോർട്ട് സർക്കാരിന് കൈമാറും. കൊയിലാണ്ടി തഹസിൽദാരും വനം വകുപ്പ് ഉദ്യോഗസ്ഥരും അപകടം നടന്ന കൊയിലാണ്ടി മണക്കുളങ്ങര ക്ഷേത്രം സന്ദർശിച്ചിരുന്നു.

അപകടത്തിൽ മരിച്ച കുറവങ്ങാട് സ്വദേശികളായ ലീല, അമ്മുക്കുട്ടി, രാജൻ എന്നിവരുടെ പോസ്റ്റ്മോർട്ടം കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലും നടക്കും. അപകടത്തിൽ മുപ്പതിലേറെ പേർക്ക് പരിക്കേറ്റിരുന്നു. പീതാംബരൻ, ഗോകുൽ എന്നീ ആനകളാണ് ഇടഞ്ഞത്.

# ജർമ്മനിയിൽ ഇലക്ട്രീഷ്യൻ ഒഴിവുകൾ

## *നോർക്ക റൂട്ട്സ് വഴി അപേക്ഷിക്കാം

ജർമ്മനിയിലെ ഇലക്ട്രീഷ്യൻമാരുടെ 20 ഓളം ഒഴിവുകളിലേയ്ക്ക് സർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സ് വഴി അപേക്ഷിക്കാം. ജർമൻ സർക്കാറിന്റെ ഹാൻഡ് ഇൻ ഹാൻഡ് ഫോർ ഇന്റർനാഷണൽ ടാലന്റ്സ് (HiH) പ്രോഗ്രമിന്റെ ഭാഗമായി ഇൻഡോ-ജർമൻ ചേംബർ ഓഫ് കൊമേഴ്സുമായി സഹകരിച്ചാണ് റിക്രൂട്ട്മെന്റ്. ഇലക്ട്രിക്കൽ അല്ലെങ്കിൽ ഇലക്ട്രോണിക്സിൽ അംഗീകൃത ഡിപ്ലോമ / ഐ ടി ഐ / ബി.ടെക്ക് വിദ്യാഭ്യസയോഗ്യതയും രണ്ടു മുതൽ അഞ്ചു വർഷം വരെ പ്രവൃത്തിപരിചയവും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും ഉള്ളവർക്ക് അപേക്ഷിക്കാം. 10 വർഷത്തിലധികം പ്രവൃത്തിപരിചയമുള്ളവർ അപേക്ഷിക്കേണ്ടതില്ല. ഇലക്ട്രിക്കൽ ആന്റ് കൺട്രോൾ എഞ്ചിനീയറിംഗ്, മെഷിൻ സേഫ്റ്റി മേഖലകളിൽ തൊഴിൽ നൈപുണ്യമുള്ളവരുമാകണം അപേക്ഷകർ. ജർമ്മൻ ഭാഷാ യോഗ്യതയുള്ളവർക്ക് (A1,A2,B1,B2) മുൻഗണന ലഭിക്കുന്നതാണ്. വിശദമായ ബയോഡാറ്റയും വിദ്യാഭ്യാസം, പ്രവൃത്തിപരിചയം, പാസ്സ്പോർട്ട്, ഭാഷായോഗ്യത പരിക്ഷയുടെ ഫലം (ബാധകമെങ്കിൽ) എന്നിവയുടെ പകർപ്പുകൾ സഹിതം www.norkaroots.org www.nifl.norkaroots.org വെബ്സൈറ്റുകളിൽ ഫെബ്രുവരി 24 നകം അപേക്ഷ നൽകണം. 12 മാസത്തോളം നീളുന്ന ബി-വൺ (ആ1) വരെയുള്ള ജർമ്മൻ ഭാഷാപഠനത്തിനും, കുറഞ്ഞത് അഞ്ച് വർഷത്തേക്കെങ്കിലും ജർമനിയിൽ താമസിക്കാനും തയ്യാറാകുന്നവരുമാകണം അപേക്ഷകർ. ബി-വൺ വരെയുള്ള ജർമ്മൻ ഭാഷാപരിശീലനം, യോഗ്യതകളുടെ അംഗീകാരത്തിനുള്ള നടപടിക്രമങ്ങൾ, വിസ പ്രോസസ്സിംഗ്, ജോബ് മാച്ചിങ്ങ്, അഭിമുഖങ്ങൾ, ജർമ്മനിയിലേക്കെത്തിയശേഷമുള്ള ഇന്റഗ്രേഷൻ, താമസ സൗകര്യം, കുടുംബാംഗങ്ങളെ കൊണ്ടുപോകുന്നതിനുള്ള സഹായം എന്നിവയെല്ലാം ഹാൻഡ് ഫോർ ഇന്റർനാഷണൽ ടാലന്റ്സ് പദ്ധതിയിലൂടെ ഉദ്യോഗാർഥികൾക്ക് ലഭിക്കും. റിക്രൂട്ട്മെന്റ് ഉദ്യോഗാർത്ഥികൾക്ക് സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0471-2770536, 539, 540, 577, ടോൾ ഫ്രീ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്).

# ബന്ദികളെ വിട്ടയച്ചില്ലെങ്കിൽ യുദ്ധം: നെതന്യാഹു

ജറുസലേം: വെടിനിർത്തൽ കരാർ പിൻവലിച്ച് ഗാസയിൽ ആക്രമണം പുനരാരംഭിക്കുമെന്ന് ഭീഷണി മുഴക്കി ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു. ശനിയാഴ്ച കൂടുതൽ ബന്ദികളെ വിട്ടയച്ചില്ലെങ്കിൽ ഹമാസിനെതിരായി യുദ്ധം പുനരാരംഭിക്കാൻ സൈനികർക്ക് നെതന്യാഹു നിർദേശം നൽകുകയും ചെയ്തു.

വെടിനിർത്തൽ കരാർ ഇസ്രയേൽ പാലിക്കുന്നില്ലെന്നാരോപിച്ച് ഹമാസ് ബന്ദികൈമാറ്റം വൈകിക്കാൻ ശ്രമിക്കുന്നുവെന്ന വാർത്തകൾക്കു പിന്നാലെയാണു നെതന്യാഹുവിന്റെ ഭീഷണി. ഗാസയിലേക്കു സമ്മതിച്ച എണ്ണം കൂടാരങ്ങളും മറ്റ് സഹായങ്ങളും അനുവദിക്കാത്തതുൾപ്പെടെ വെടിനിർത്തൽ കരാർ ഇസ്രയേൽ ലംഘിക്കുകയാണെന്നാണു ഹമാസിന്റെ ആരോപണം.

ശേഷിക്കുന്ന ബന്ദികളെയെല്ലാം മോചിപ്പിക്കണമെന്നാണോ ശനിയാഴ്ച വിട്ടയയ്ക്കാമെന്ന് നേരത്തേ ധാരണയുണ്ടായിരുന്ന ബന്ദികളുടെ കാര്യമാണോ നെതന്യാഹു ഉന്നയിക്കുന്നതെന്നു വ്യക്തമല്ല.

ഇസ്രയേലുമായി വെടിനിർത്തൽ ധാരണ തുടരാൻ പ്രതിജ്ഞാബദ്ധമാണെന്ന് ഹമാസ് പ്രതികരിച്ചു. ജനുവരി 19ന് വെടിനിർത്തലിന്റെ ഒന്നാംഘട്ടം പ്രാബല്യത്തിൽ വന്നതു മുതൽ ബന്ദികളെ ഹമാസ് വിട്ടയച്ചു തുടങ്ങിയിരുന്നു.

ഹമാസ് 21 ഇസ്രയേൽ ബന്ദികളെ വിട്ടയച്ചപ്പോൾ 730 പലസ്തീൻ തടവുകാരെ ഇസ്രയേലും വിട്ടയച്ചു. എന്നാൽ വെടിനിർത്തൽ ധാരണ ഇസ്രയേൽ ലംഘിക്കുന്നതായി കാട്ടി ബന്ദികളെ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ വിട്ടയയ്ക്കില്ലെന്ന് തിങ്കളാഴ്ച ഹമാസ് പ്രഖ്യാപിക്കുകയായിരുന്നു.

ഗാസ മുനമ്പിലും പരിസരത്തും സൈന്യത്തെ വിന്യസിക്കാൻ ഉത്തരവിട്ടതായി നെതന്യാഹുവിന്റെ ഓഫീസ് അറിയിച്ചിട്ടുണ്ട്.

# പാക്കിസ്ഥാനിലെ കൽക്കരി ഖനിക്ക് സമീപം ഭീകരാക്രമണം; ഒൻപത് പേർ മരിച്ചു

ഇസ്‌ലാമാബാദ്: തെക്കുപടിഞ്ഞാറൻ പാകിസ്ഥാനിലെ കൽക്കരി ഖനിക്ക് സമീപമുണ്ടായ ബോംബ് ആക്രമണത്തിൽ ഒൻപത് പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു.

ഖനിത്തൊഴിലാളികൾ സഞ്ചരിച്ചിരുന്ന വാഹനത്തിന് നേരെ ഭീകരാക്രമണമുണ്ടാകുകയായിരുന്നു. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണെന്ന് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ആക്രമണത്തിന്റെ ഉത്തരവാദിത്തം ഒരു ഗ്രൂപ്പും ഏറ്റെടുത്തിട്ടില്ല. ഐഇഡി സ്ഫോടനമാണ് നടന്നത്. മരണസംഖ്യ ഇനിയും ഉയർന്നേക്കാമെന്നാണ് സൂചന.

ബലൂചിസ്ഥാൻ പ്രവിശ്യയിലെ ഹർണായി പ്രദേശത്തെ ഒരു ഖനിയിലേക്കാണ് തൊഴിലാളികളെ കൊണ്ടുവന്നത്. ബോംബ് പൊട്ടിത്തെറിച്ച സമയത്ത് 17 ഖനിത്തൊഴിലാളികൾ ട്രക്കിലുണ്ടായിരുന്നുവെന്ന് മേഖലയിലെ ഡെപ്യൂട്ടി കമ്മീഷണർ ഹസ്രത്ത് വാലി ആഗ പറഞ്ഞു. പരിക്കേറ്റവരിൽ രണ്ടുപേരുടെ നില ഗുരുതരമാണെന്ന് പ്രാദേശിക ആശുപത്രിയിലെ ഒരു ഡോക്ടർ പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സാമൂഹ്യനീതി ഉറപ്പാക്കികൊണ്ട് പശ്ചാത്തല സൗകര്യ വികസനവും പരിസ്ഥിതി സംരക്ഷണവും സാധ്യമാക്കുന്ന വികസന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത് : മുഖ്യമന്ത്രി

### കേരള ഇക്കണോമിക് കോൺഫറൻസ് 2025ന് തുടക്കമായി

സാമൂഹ്യനീതി ഉറപ്പാക്കികൊണ്ട് പശ്ചാത്തല സൗകര്യ വികസനവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്ന വികസന കാഴ്ചപ്പാടാണ് സർക്കാരിനുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള ഇക്കണോമിക് കോൺഫറൻസ് 2025 തിരുവനന്തപുരം ഗവണ്മെന്റ് വിമൻസ് കോളേജിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനും സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസുമായി ചേർന്ന് കേരള ഇക്കണോമിക് അസോസിയേഷനാണ് ത്രിദിന സമ്മേളനം (ഫെബ്രുവരി 14–16) സംഘടിപ്പിക്കുന്നത്.കേരളത്തിന്റെ സമ്പദ്ഘടനയുമായി ബന്ധപ്പെട്ട ഒട്ടേറെ വിഷയങ്ങൾ ഈ സമ്മേളനത്തിൽ ചർച്ച ചെയ്യും എന്നാണ് മനസിലാകുന്നതെന്നും കേരളത്തിന്റെ സമ്പദ്ഘടനയേയും സമൂഹത്തെയും സംബന്ധിച്ച പഠനങ്ങൾ പുതിയ ഉൾക്കാഴ്ചകൾ സൃഷ്ടിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇവ നയരൂപീകരണത്തിനും പുതിയ കാൽവയ്പ്പുകൾക്കും ഏറെ സഹായകരമാകും. പരിമിതമായ വിഭവ സമാഹരണ അധികാരങ്ങളുള്ള നമ്മുടെ സംസ്ഥാനത്തിന് മുന്നോട്ടുള്ള യാത്രയിൽ പ്രതിബന്ധങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. ഇത് മറികടക്കുന്നതിനായി പുതിയ ആശയങ്ങൾ രൂപീകരിച്ചും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടത് ശക്തമായി ആവശ്യപ്പെട്ടുകൊണ്ടുമാണ് കേരളം മുന്നോട്ട് പോകുന്നത്.കോവിഡിന് ശേഷം കേരളത്തിന്റെ സമ്പദ്ഘടന വളർച്ചയുടെ പാതയിലാണ്. നികുതി നിരക്ക് നിശ്ചയിക്കാനുള്ള അധികാരമുൾപ്പെടെ ഇപ്പോൾ സംസ്ഥാനങ്ങൾക്കില്ല. ജനസംഖ്യാ നിയന്ത്രണത്തിൽ ഏറെ നേട്ടങ്ങൾ കൈവരിച്ച നമ്മുടെ സംസ്ഥാനത്തിന് കുറഞ്ഞുവരുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ കാര്യം 16ാം ധനകാര്യ കമ്മീഷന്റെയും കേന്ദ്ര സർക്കാരിന്റെയും മുൻപിൽ ഉന്നയിക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 16ാം ധനകാര്യ കമ്മീഷന്റെ മുന്നിൽ സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ ഫലപ്രദമായി ഉന്നയിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെയും കൂടി ചേർത്തുകൊണ്ട് ശക്തമായ അഭിപ്രായ രൂപീകരണം നടത്തുന്നതിന് നേതൃത്വം നൽകിയത് കേരളമാണ്.കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളിലെ അസന്തുലിതാവസ്ഥയെ കുറിച്ച് സാമ്പത്തിക വിദഗ്ധരായ നിങ്ങൾ ഗൗരവമായി ചർച്ച ചെയ്യുകയും നിർദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. എന്ത് വിലകൊടുത്തും പശ്ചാത്തല മേഖലയിൽ നേരത്തെ സംഭവിച്ചുപോയ പോരായ്മ നികത്തും എന്ന ദൃഢനിശ്ചയത്തോട് കൂടിയാണ് കഴിഞ്ഞ എട്ടരവർഷമായി കേരളം മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലം എല്ലാ മേഖലകളിലും ഇപ്പോൾ കാണാൻ സാധിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖമുൾപ്പെടെ പശ്ചാത്തല സൗകര്യ വികസന മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പുതിയൊരു വളർച്ചാ തരംഗം സൃഷ്ടിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങളും നടക്കേണ്ടതുണ്ട്. സാമ്പത്തിക വിദഗ്ധർക്കാണ് അത് ഏറ്റെടുക്കാൻ കഴിയുക.പശ്ചാത്തല മേഖലയിലെ പുരോഗതി സൃഷ്ടിക്കുന്ന സാമ്പത്തിക ചലനങ്ങൾ എന്തൊക്കെയായിരിക്കും, അത് ഏതൊക്കെ രംഗത്താണ് പുതിയ സാധ്യതകൾ തുറന്നു തരിക, ഈ സാധ്യതകളെ ഉപയോഗപ്പെടുത്താൻ എന്തെല്ലാം തുടർ നടപടികളാണ് സർക്കാരിന്റെയും മറ്റ് ഏജൻസികളുടെയും ഭാഗത്തു നിന്നുമുണ്ടാകേണ്ടത് തുടങ്ങിയ കാര്യങ്ങളിൽ പ്രയോഗത്തിൽ വരുത്താൻ കഴിയുന്ന വിലപ്പെട്ട നിർദേശങ്ങൾ സാമ്പത്തിക വിദഗ്ധരിൽ നിന്നും ഉണ്ടാകും എന്നു പ്രതീക്ഷിക്കുന്നു.പശ്ചാത്തലമേഖലയിലെ വികസനം ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കും. എന്തെല്ലാം തരത്തിലുള്ള തൊഴിലുകൾക്കാണ് കൂടുതൽ സാധ്യത, അതിനായി നമ്മുടെ വിദ്യാഭ്യാസ രംഗത്ത് എന്തുതരം മാറ്റങ്ങളാണ് ഉണ്ടാകേണ്ടത് തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സർക്കാർ തലത്തിൽ ചില ഗൃഹപാഠങ്ങൾ ചെയ്യേണ്ടതുണ്ട്. എന്നാൽ അത് മാത്രം പോരാ, വിവിധ ഗവേഷക സമൂഹങ്ങൾ ഇത്തരം വിഷയങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ കാലം തുറന്നു തരുന്ന പുതിയ അവസരങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയൂ എന്ന് മുഖ്യമന്ത്രി പറഞ്ഞു.അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ നാം ഏറെ മുന്നിലാണ്. പക്ഷെ ഇനിയും വളരെയധികം കാര്യങ്ങൾ ഈ മേഖലയിൽ ചെയ്യാനുണ്ട്. സാമ്പത്തിക ശാസ്ത്രജ്ഞന്മാർക്കും സാങ്കേതിക വിദഗ്ധർക്കും ഇക്കാര്യത്തിൽ നൂതനമായ ആശയങ്ങൾ മുന്നോട്ട് വയ്ക്കുന്നതിന് സാധിക്കും.

പതിനഞ്ചാം പദ്ധതിയുടെ പശ്ചാത്തലത്തിൽ വിപുലമായ പങ്കാളിത്തത്തോട് കൂടി ഒരു ജനകീയ വികസന പഠന സംവാദ യജ്ഞം സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ശരാശരി പത്തു ലക്ഷം രൂപ വീതം കേരളത്തിലെ അൻപത് ഉന്നത വിദ്യാഭ്യാസ ഗവേഷണ പ്രൊജക്റ്റുകൾക്ക് നൽകുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

ഇപ്പോൾ നാം ലക്ഷ്യമിടുന്നത് ഒരു വിജ്ഞാന സമൂഹത്തിന്റെ സൃഷ്ടിയാണ്. അതിനായി ഉന്നത വിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കാനും ഗുണമേന്മയുള്ളതാക്കാനും നാം ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഈ ദിശയിൽ നമ്മൾ നടത്തിയ കാൽവയ്പ്പുകൾ ഫലംകണ്ടുതുടങ്ങിയിട്ടുമുണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ശാസ്ത്ര സാങ്കേതിക വിദ്യയുടെയും സാമൂഹ്യ ശാസ്ത്ര പഠനത്തിന്റെയും ലക്ഷ്യ സ്ഥാനമാക്കി മാറ്റാൻ ചുരുങ്ങിയ കാലയളവിൽ എന്തെല്ലാം ചെയ്യാൻ കഴിയും എന്ന കാര്യം ചർച്ച ചെയ്യുകയും സർക്കാരിനാവശ്യമായ നിർദേശങ്ങൾ തരികയും ചെയ്യണമെന്ന് കോൺഫറൻസിൽ പങ്കെടുക്കുന്ന സാമ്പത്തിക വിദഗ്ധരോട് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

സംസ്ഥാന പ്ലാനിങ് ബോർഡ് അംഗമായ ഡോ കെ രവി രാമനും ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ അധ്യാപകനായ ഡോ തീർത്ഥങ്കർ റോയിയും ചേർന്ന് രചിച്ച 'കേരള, 1956 ടു ദി പ്രസന്റ് ഇന്ത്യാസ് മിറക്കിൾ സ്റ്റേറ്റ്" എന്ന പുസ്തകം ചടങ്ങിൽ മുഖ്യമന്ത്രി പ്രകാശനം ചെയ്തു.പ്രമുഖ സാമ്പത്തിക വിദഗ്ദ്ധൻ പ്രൊഫ. എം എ ഉമ്മൻ, മുൻ ചീഫ് സെക്രട്ടറി എസ് എം വിജയാനന്ദ്, കേരള ഇക്കണോമിക് അസോസിയേഷൻ പ്രസിഡന്റ് കെ എൻ ഹരിലാൽ, ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈഗ്രേഷൻ ആൻഡ് ഡെവലപ്മെന്റ് ചെയർമാൻ എസ് ഇരുദയ രാജൻ, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഡയറക്ടർ സി വീരമണി, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ഡയറക്ടർ കെ ജെ ജോസഫ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.




കേരള ഇക്കണോമിക് കോൺഫറൻസ് 2025 മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

## സുരേഷ് കുമാറിനെ പിന്തുണച്ച് നിർമാതാക്കളുടെ സംഘടന; ആൻറണി പെരുമ്പാവൂരിന് പിന്തുണയുമായി കൂടുതൽ താരങ്ങൾ

കൊച്ചി: സിനിമ സമരം പ്രഖ്യാപിച്ച ജി. സുരേഷ് കുമാറിനെതിരെ നിർമാതാവ് ആൻറണി പെരുമ്പാവൂർ രംഗത്തെത്തിയതോടെ മലയാള സിനിമയിൽ പോര് മുറുകുന്നു. സുരേഷ്കുമാറിന് പിന്തുണയുമായി പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ രംഗത്തെത്തി.

പ്രസിഡൻറായ ആൻറോ ജോസഫിന്റെ അഭാവത്തിൽ വൈസ് പ്രസിഡൻറ് ജി. സുരേഷ് കുമാർ യോഗ തീരുമാനം മാധ്യമങ്ങളിലൂടെ അറിയിക്കുക മാത്രമാണ് ചെയ്തത്. എന്നാൽ ക്ഷണിച്ചിട്ടും യോഗത്തിൽ പങ്കെടുക്കാത്ത ആൻണി പെരുമ്പാവൂർ സുരേഷ് കുമാറിനെ സമൂഹമാധ്യമങ്ങളിലൂടെ ചോദ്യം ചെയ്ത നടപടി തെറ്റാണ്. സംഘടനക്കെതിരെയും വ്യക്തിപരമായും നടത്തുന്ന എത് നീക്കത്തെയും ചെറുക്കുമെന്നും നിർമാതാക്കളുടെ സംഘടന വാർത്താക്കുറിപ്പിറക്കി.

സിനിമ സമരം അടക്കം രണ്ട് ദിവസം മുൻപ് വാർത്ത സമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങൾ സുരേഷ് കുമാർ ഒറ്റയ്ക്ക് എടുത്ത തീരുമാനം അല്ലെന്നാണ് പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പറയുന്നത്. രൂക്ഷ വിമർശനത്തിനു പിന്നാലെ ആൻറണി പെരുമ്പാവൂരിനെ നേരിൽ കാണാനും നീക്കം നടക്കുന്നുണ്ടെന്നാണ് ലഭ്യമാകുന്ന വിവരം.

അതേസമയം, സിനിമയിലെ തർക്കത്തിൽ മൗനം പാലിക്കുകയാണ് സർക്കാർ. എല്ലാം സംഘടനകൾക്കുള്ളിൽ തന്നെ തീർക്കണമെന്ന് സാംസ്കാരിക മന്ത്രി പറഞ്ഞു.

വ്യാഴാഴ്ച ആൻറണി പെരുമ്പാവൂരിന് പിന്തുണയുമായി നടൻ പ്രിഥിരാജ് എത്തിയിരുന്നു. എല്ലാം ഓകെ അല്ലേ അണ്ണാ, എന്ന കുറിപ്പോടെയാണ് പ്രിഥി ഫേസ്ബുക്കിൽ ആൻറണി ഇട്ട പോസ്റ്റ് ഷെയർ ചെയ്തത്. അജു വർഗീസ്, ബേസിൽ, അപർണ ബാലമുരളി തുടങ്ങിയവരും ആൻറണി പെരുമ്പാവൂരിന് പിന്തുണയുമായി രംഗത്തെത്തി.

നിർമാതാക്കളുടെ സംഘടനയിൽ സുരേഷ് കുമാറിന്റെ അഭിപ്രായത്തോട് ഭിന്നതയുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ടായിരുന്നു ആൻറണിയുടെ ഫേസ്ബുക്ക് പോസ്റ്റ്. ഒപ്പം എമ്പുരാന്റെ ബജറ്റ് 141 കോടിയെന്ന് സുരേഷ് കുമാർ പറഞ്ഞതിനെയും ആൻറണി വിമർശിച്ചിരുന്നു. വ്യക്തി എന്ന നിലയ്ക്ക്, ജനാധിപത്യ ഇന്ത്യയിൽ സ്വന്തം അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിലും ഒരു സംഘടനയെ പ്രതിനിധീകരിക്കുമ്പോൾ, ആ സംഘടനയിലെ ഭൂരിപക്ഷം അംഗീകരിക്കുന്നതും ബോധ്യപ്പെട്ടതുമായ കാര്യങ്ങളാണ് പൊതുവേദിയിൽ അവതരിപ്പിക്കേണ്ടതെന്നെന്നും ആൻറണി പെരുമ്പാവൂർ ഫേസ്ബുക്കിൽ പങ്കുവെച്ച കുറിപ്പിൽ പറഞ്ഞു.

കഴിഞ്ഞ ദിവസം നിർമാതാവ് ആൻറണി പെരുമ്പാവൂർ ഉയർത്തിയ വിമർശനത്തിന് നിർമാതാവ് സുരേഷ് കുമാർ രൂക്ഷമായി പ്രതികരിച്ചു. സമരം തീരുമാനിച്ചത് ഒറ്റക്കല്ലെന്നും സംഘടനകൾ കൂട്ടമായി തീരുമാനിച്ചതാണെന്നും സുരേഷ് കുമാർ പറഞ്ഞു. ആൻറണി യോഗങ്ങളിൽ വരാറില്ല. ഇതുമായി ബന്ധപ്പെട്ട മിനിട്സ് പരിശോധിക്കാമെന്നും സുരേഷ് കുമാർ പ്രതികരിച്ചു.

## യുഡിഎഫ്, ബിജെപി അംഗങ്ങൾ വിട്ടുനിന്നു; എലപ്പുള്ളിയിൽ സിപിഎമ്മിന്റെ അവിശ്വാസം പാളി

തിരുവനന്തപുരം: ബ്രൂവറി വിഷയം കത്തിനിൽക്കുന്ന എലപ്പുള്ളി പഞ്ചായത്തിൽ സിപിഎമ്മിന്റെ അവിശ്വാസ നീക്കം പാളി. കോൺഗ്രസ് ഭരിക്കുന്ന പഞ്ചായത്തിലെ പ്രസിഡൻറിനും വൈസ് പ്രസിഡൻറിനുമെതിരേ സിപിഎം കൊണ്ടുവന്ന അവിശ്വാസ പ്രമേയം ചർച്ചചെയ്യാതെ തള്ളി.

22 അംഗ പഞ്ചായത്ത് ഭരണസമിതിയിൽ ക്വാറം തികയാൻ 11 അംഗങ്ങൾ ആവശ്യമാണെന്നിരിക്കേ സിപിഎമ്മിലെ എട്ടുപേർ മാത്രമായിരുന്നു ഹാജരായിരുന്നത്. ഒമ്പതു കോൺഗ്രസ് അംഗങ്ങളും അഞ്ചു ബിജെപി അംഗങ്ങളും വിട്ടുനിന്നു. ഇതോടെയാണ് പ്രമേയം ചർച്ചചെയ്യാതെ തള്ളിയത്.

ബിജെപിയും ഭരണകക്ഷിയായ കോൺഗ്രസും അംഗങ്ങളോട് അവിശ്വാസ പ്രമേയ ചർച്ചയിൽനിന്ന് വിട്ടുനിൽക്കാൻ നേരത്തെ ആവശ്യപ്പെട്ടിരുന്നു. ഇരുകൂട്ടരും അംഗങ്ങൾക്ക് വിപ്പ് നൽകുകയും ചെയ്തിരുന്നു.

അവിശ്വാസം തള്ളിയതോടെ സിപിഎം പ്രവർത്തകർ പുറത്തേക്കെത്തി പ്രതിഷേധിച്ചു. യുഡിഎഫും ബിജെപിയും തമ്മിലുള്ള അവിശുദ്ധ കൂട്ട് കെട്ട് ഇതോടെ വെളിച്ചത്തായതായി സിപിഎം ആരോപിച്ചു. അതേസമയം, അവിശ്വാസ പ്രമേയത്തിൽ നിന്നും വിട്ടു നിന്നതിൽ തെറ്റില്ലെന്ന് കോൺഗ്രസ് നേതൃത്വത്തിലുള്ള ഭരണസമിതി പ്രതികരിച്ചു.

യുഡിഎഫ്-ബിജെപി കൂട്ടുകെട്ട് കാരണം പഞ്ചായത്ത് വികസന മുരടിപ്പിലൂടെയാണ് കടന്ന് പോകുന്നതെന്നും, അഴിമതി കാരണം ജനങ്ങൾക്ക് പഞ്ചായത്ത് തല സേവന കാര്യക്ഷമമായി കിട്ടുന്നില്ലെന്നുമാണ് സിപിഎം ആരോപണം.

സംഭവവുമായി ബന്ധപ്പെട്ട് വൈകുന്നേരം എലപ്പുള്ളി പഞ്ചായത്തോഫീസിനുമുന്നിൽ സിപിഎം രാഷ്ട്രീയ വിശദീകരണയോഗം നടത്താനും തീരുമാനിച്ചിട്ടുണ്ട്. ജില്ലാ സെക്രട്ടറി ഇ. എൻ. സുരേഷ് ബാബു പങ്കെടുക്കും.

ബ്രൂവറിക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയതിനെച്ചൊല്ലി ആരോപണ പ്രത്യാരോപണങ്ങൾ അലയടിക്കുന്നതിനിടയിലാണ് അവിശ്വാസ പ്രമേയം വന്നത്.

ബ്രൂവറി തുടങ്ങാൻ നൽകിയ അനുമതി റദ്ദാക്കണമെന്ന് പഞ്ചായത്ത് കഴിഞ്ഞ ദിവസം സർക്കാരിനോട് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടിരുന്നു.

## ആനയിടഞ്ഞ് മൂന്നുപേർ മരിച്ച സംഭവം: നാട്ടാന പരിപാലനചട്ടം ലംഘിച്ചോയെന്ന് പരിശോധിക്കും

കൊയിലാണ്ടി: കോഴിക്കോട് കൊയിലാണ്ടി മണക്കുളങ്ങര ക്ഷേത്ര ഉത്സവത്തിൽ ആന ഇടഞ്ഞ് മൂന്നു പേർ മരിച്ച സംഭവത്തിൽ നാട്ടാന പരിപാലന ചട്ടം ലംഘിക്കപ്പെട്ടോ എന്ന് പരിശോധിക്കുമെന്നു സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർ ആർ. കീർത്തി അറിയിച്ചു. വിശദമായ പരിശോധന നടത്തിയശേഷം സോഷ്യൽ ഫോറസ്ട്രി ഡിഎഫ്ഒ ഇന്ന് കൺസർവേറ്റർക്ക് റിപ്പോർട്ട് സമർപ്പിക്കും. ആന ഇടഞ്ഞത് പടക്കം പൊട്ടുന്ന ശബ്ദം കേട്ടാണെന്നാണ് പ്രാഥമിക നിഗമനം. പാപ്പാൻമാരുടെ മൊഴികൾ വനം വകുപ്പ് ഉദ്യോഗസ്ഥർ രേഖപ്പെടുത്തി. സംഭവത്തിൽ മന്ത്രി എ. കെ. ശശീന്ദ്രൻ അടിയന്തര റിപ്പോർട്ട് തേടിയിരുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കും. റവന്യൂ, വനം വകുപ്പ് മേധാവികൾ സ്ഥലം സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കും. ആശുപത്രിയിൽ എത്തി പരിക്കേറ്റവരുടെ മൊഴി ഇന്ന് എടുക്കും. ആന എഴുന്നള്ളിപ്പിനുള്ള അനുമതി ക്ഷേത്രഭാരവാഹികൾ എടുത്തിരുന്നുവെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

അപകടത്തിൽ മരിച്ച ഊരള്ളൂർ വടക്കയിൽ രാജൻ (68), വട്ടാക്കണ്ടിലീല (65), വടക്കയിൽ അമ്മുക്കുട്ടി (78) എന്നിവരുടെ പോസ്റ്റ്മോർട്ടം നടപടികൾ കോഴിക്കോട് മെഡിക്കൽ കോളജിൽ ഇന്ന് നടക്കും. സാരമായി പരിക്കേറ്റ രണ്ടു പേർ ഉൾപ്പെടെ 13 പേർ ചികിത്സയിലാണ്. വ്യാഴാഴ്ച വൈകുന്നേരം ആറോടെയാണ് നാടിനെ നടുക്കിയ സംഭവം ഉണ്ടായത്. ഗുരുവായൂരിൽനിന്നെത്തിച്ച പീതാംബരൻ, ഗോകുൽ എന്നീ ആനകളാണ് ഉൽസവത്തിനിടെ ഇടഞ്ഞത്. ക്ഷേത്രത്തിൽ ഉണ്ടായി രുന്നവർ ചിതറിയോടി. ഓടുന്നതിനിടെ താഴെ വീണ് തലയ്ക്കേറ്റ ക്ഷതമാണ് മൂന്നുപേരുടെയും മരണത്തിലേക്ക് നയിച്ചത്. ഒരു മണിക്കൂറോളം ആനകൾ പരിഭ്രാന്തി പരത്തി. പിന്നീട് ആനകളെ തളച്ചു.

## എൽഡിഎഫ് പിന്തുണച്ചു, യുഡിഎഫ് വിട്ടുനിന്നു; പാലായിൽ നഗരസഭാ ചെയർമാനെതിരായ അവിശ്വാസം പാസായി

കോട്ടയം: പാലാ നഗരസഭാ ചെയർമാൻ ഷാജു വി. തുരുത്തനെതിരേ യുഡിഎഫ് സ്വതന്ത്രൻ കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസായി. അവിശ്വാസ പ്രമേയ വോട്ടെടുപ്പിൽ നിന്ന് അവസാനനിമിഷം യുഡിഎഫ് അംഗങ്ങൾ വിട്ടുനിന്നെങ്കിലും ഭരണകക്ഷിയായ എൽഡിഎഫ് പിന്തുണച്ചതോടെ 14 വോട്ടിന് അവിശ്വാസ പ്രമേയം പാസായി. പാലാ മുൻസിപ്പൽ കോർപ്പറേഷനിലെ 26 അംഗങ്ങളിൽ യുഡിഎഫിന് 12 ഉം എൽഡിഎഫിന് 14ഉം അംഗങ്ങളുമാണ് ഉള്ളത്.

എൽഡിഎഫിലെ ധാരണയനുസരിച്ച് ചെയർമാൻ സ്ഥാനത്ത് നിന്ന് മുതിർന്ന കേരളാ കോൺഗ്രസ് നേതാവായ ഷാജു വി. തുരുത്തൻ സ്ഥാനം ഒഴിയണമായിരുന്നു. എന്നാൽ അതിന് അദ്ദേഹം തയാറായില്ല. അതിനിടെയാണ് സ്വതന്ത്ര അംഗം ജിമ്മി ജോസഫ് യുഡിഎഫിന്റെ പിന്തുണയോടെ അവിശ്വാസപ്രമേയത്തിന് നോട്ടീസ് നൽകിയത്.

വ്യാഴാഴ്ച രാവിലെ എൽഡിഎഫ് പാലാ നഗരസഭാ പാർലമെൻററി പാർട്ടി യോഗം ചേർന്ന് ഷാജു തുരുത്തൻ രാജിവയ്ക്കണമെന്നും കരാർ പാലിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എഗ്രിമെൻറ് പ്രകാരം ഇക്കഴിഞ്ഞ രണ്ടിന് ഷാജു തുരുത്തൻ രാജി വയക്കേണ്ടതാണെന്നും കേരള കോൺഗ്രസ്-എമ്മിലെ തോമസ് പീറ്ററിന് അവസാന ടേമിൽ ചെയർമാൻ സ്ഥാനം ലഭിക്കേണ്ടതാണെന്നും നേതാക്കൾ പറഞ്ഞു.

കേരള കോൺഗ്രസ്-എം പാർലമെൻററി പാർട്ടി ലീഡർ ആൻറോ പടിഞ്ഞാറെക്കര, സിപിഎം പാർലമെൻററി ലീഡർ ജോസിൻ ബിനോ എന്നിവരുടെ നേതൃത്വത്തിലാണ് വ്യാഴാഴ്ച യോഗം ചേർന്നത്. 14 കൗൺസിലർമാർ ഒപ്പിട്ട കത്ത് ചെയർമാന്റെ മേശപ്പുറത്ത് വയ്ക്കുകയും വിവരം അറിയിക്കുകയും ചെയ്തിരുന്നു.

## ഒറ്റപ്പാലത്ത് പ്ലസ്ടൂ വിദ്യാർഥിയെ സഹപാഠി കുത്തിപരിക്കേൽപ്പിച്ചു

പാലക്കാട്: ഒറ്റപ്പാലത്ത് പ്ലസ്ടൂ വിദ്യാർഥിയെ സഹപാഠി കുത്തിപരിക്കേൽപ്പിച്ചു. വരോട് സ്വദേശി അഫ്സറിന് വാരിയെല്ലിന് പരിക്കേറ്റു. പരിക്ക് ഗുരുതരമല്ലെന്നാണ് വിവരം. പതിനേഴുകാരനാണ് ആക്രമണം നടത്തിയത്. ആക്രമണത്തിനിടെ പരിക്കേറ്റതിനെ തുടർന്ന് അഫ്സലിനൊപ്പം സഹപാഠിയേയും ഒറ്റപ്പാലത്തെ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി. വ്യക്തിവൈരാഗ്യമാണ് ആക്രമണത്തിന് പിന്നിലെ കാരണമെന്ന് പോലീസ് അറിയിച്ചു. കഴിഞ്ഞ ദിവസം ഇരുവരും തമ്മിൽ തർക്കമുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായാണ് ആക്രമണമെന്നാണ് സൂചന. പോലീസ് ഇരുവരുടെയും മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

## പ്ലസ് വൺ വിദ്യാർഥി സ്കൂളിൽ തൂങ്ങിമരിച്ച സംഭവം; പൊതുവിദ്യാഭ്യാസവകുപ്പ് അന്വേഷണം പ്രഖ്യാപിച്ചു

തിരുവനന്തപുരം: കാട്ടാക്കട കുറ്റിച്ചലിൽ പ്ലസ് വൺ വിദ്യാർഥിയെ സ്കൂളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് അന്വേഷണം പ്രഖ്യാപിച്ചു. മരണത്തിൽ അസ്വാഭാവികതയില്ലെന്ന് ആർഡിഒ എ. പി. ജയകുമാർ പറഞ്ഞു. ഇൻക്വസ്റ്റിൽ അസ്വാഭാവികമായി ഒന്നും കണ്ടെത്തിയിട്ടില്ല. കുടുംബത്തിന്റെ ആരോപണം വിശദമായി പരിശോധിക്കണമെന്ന് പോലീസിന് നിർദേശം നൽകിയെന്നും ആർഡിഒ പറഞ്ഞു. കുറ്റിച്ചൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് വൺ വിദ്യാർഥി ബെൻസനെ ആണ് ഇന്ന് രാവിലെ സ്കൂളിൽ തൂങ്ങി മരിച്ചനിലയിൽ കണ്ടെത്തിയത്. കഴിഞ്ഞ ദിവസം കുട്ടിയെ കാണാതായിരുന്നു. തുടർന്ന് കുടുംബാംഗങ്ങൾ പോലീസിൽ പരാതി നൽകിയിരുന്നു. തിരച്ചിൽ നടക്കുന്നതിനിടെയാണ് സ്കൂളിലെ ശുചിമുറിക്ക് സമീപം മൃതദേഹം കണ്ടെത്തുകയായിരുന്നു.

സ്കൂളിലെ ക്ലർക്ക് കുട്ടിയെ മാനസികമായി പീഡിപ്പിച്ചുവെന്ന് കുടുംബം ആരോപിച്ചു. പ്രൊജക്ട് സമർപ്പിക്കാനെത്തിയപ്പോൾ ക്ലർക്ക് മോശമായി പെരുമാറിയെന്നും ബന്ധുക്കൾ പറഞ്ഞു.

## നഴ്സിംഗ് കോളജിലെ റാഗിംഗ്: അതിക്രൂരം, കടുത്ത നടപടിയെന്ന് ആരോഗ്യമന്ത്രി

തിരുവനന്തപുരം: കോട്ടയത്തെ നഴ്സിംഗ് കോളജിലെ റാഗിംഗ് അതിക്രൂരമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. റാഗിംഗ് ദൃശ്യങ്ങളുടെ ആദ്യ സെക്കൻഡുകൾ കാണുമ്പോൾ തന്നെ അതിക്രൂരമാണ്. വീഡിയോ മുഴുവൻ കാണാൻ പോലും കഴിഞ്ഞില്ലെന്നും മന്ത്രി പറഞ്ഞു. സസ്പെൻഷനിൽ ഒതുങ്ങേണ്ട വിഷയം അല്ല. കുട്ടികളെ പുറത്താക്കുന്ന കാര്യം ഉൾപ്പെടെ ആലോചിക്കുമെന്നും മന്ത്രി പറഞ്ഞു. റാഗിംഗ് അറിഞ്ഞില്ലെന്ന സ്കൂൾ അധികൃതരുടെ വിശദീകരണം തൃപ്തികരമല്ല. സിസിടിവി കാമറകൾ ഉൾപ്പെടെ കോറിഡോറിൽ ഉണ്ട്. എന്തുകൊണ്ട് അറിയാതെ പോയി. സീനിയർ വിദ്യാർഥികൾ എന്തിനു ജൂനിയർ വിദ്യാർത്ഥിളുടെ മുറിയിൽ പോകണം. അതും ഒരിക്കൽ അല്ല. മൂന്നു മാസത്തോളം പീഡനം ഉണ്ടായെന്നും മന്ത്രി പറഞ്ഞു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാം

2024 ഡിസംബർ 6 ലെ കേരള തീരദേശ പരിപാലന അതോറിറ്റിയിലെ മെമ്പർ സെക്രട്ടറിയുടെ 3149/അ1/2024/ ഗഇദങഅ നമ്പർ നടപടിക്രമം പ്രകാരം കേരളത്തിലെ പത്ത് തീരദേശ ജില്ലകളിൽ 30032 വരെയുള്ള വാസഗൃഹ നിർമാണങ്ങൾക്ക് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാം. വാസഗൃഹങ്ങളുടെ ക്രമവത്കരണ അപേക്ഷകൾ, വാസഗൃഹേതര നിർമാണങ്ങൾക്കുള്ള അനുമതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ തുടങ്ങിയവ തുടർന്നും പരിശോധിച്ച് തീരുമാനമെടുക്കുമെന്ന് കേരള തീരദേശ പരിപാലന അതോറിറ്റി അറിയിച്ചു.